# ആത്മപ്രകാശിനി

## 2010 ഫെബ്രുവരി

ആത്മപ്രകാശിനി പി. ഡി. എഫ്. ആയി താങ്കൾക്ക് എത്തിക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷം ഉണ്ട്. വരിസംഖ്യകൊണ്ടു മാത്രം നടത്തപ്പെടുന്ന ഈ ശുശ്രൂഷ ഇനിയും മുമ്പോട്ട് കൊണ്ടുപോകണമെങ്കിൽ വായനക്കാരുടെ സഹകരണം ആവശ്യമാണ്. ആത്മപ്രകാശിനി പി. ഡി. എഫ്. ആയി ലഭിക്കുന്നവർ ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും ഇതിന്റെ സുഗമമായ നടത്തിപ്പിനായി വർഷത്തിൽ ഒരിക്കലെങ്കിലും സാമ്പത്തികമായി സഹകരിക്കുകയും ചെയ്യേണ്ടതാണ്.

**Please send your gift as a DD to:**

**The Manager**
**Athmaprakashini**
**P.B. No. 10**
**Kumbanad**
**Pathanamthitta Dist.**
**Kerala-689 547**
**India**

**Please see the details:**

**Bank: Indian Overseas Bank**
**Branch: Kumbanad**
**SB account no: 1492**
**DD should be in favour of "Athmaprakashini, Kumbanad".**

# Athmaprakashini

# അകത്താളുകളിൽ


**സാത്താന്റെ തന്ത്രങ്ങൾ**
ഡോ. കെ.സി. ജോൺസൺ .......... 3

**വെളിപ്പാടു പുസ്തകം ....**
ഡോ. ഒ.എം. ശമുവേൽ .................. 4

**പരിമള തൈലം പൂശിയില്ലെങ്കിലും . . .**
കെ.എ. ഏബ്രഹാം .......................... 5

**കൃപ എന്ന വിശിഷ്ട വിഷയം**
കെ.വി. ജോൺ ................................ 7

**മഗ്ദല മറിയ**
മേഴ്സി യോഹൻ .............................. 8

**ക്രിസ്തീയ ശിഷ്യത്വം**
ഡോ. സൈലസ് സി. നായർ ......... 10

**പ്രായോഗിക ക്രിസ്തീയ ജീവിതം**
തോമസ് ഏബ്രഹാം ........................ 12

**ക്രിസ്തു പഴയനിയമത്തിൽ**
എ.എം. ശമുവേൽ ............................ 14

**യിസ്രായേലിന്റെ ദൈവമായ . . . .**
എബ്രഹാം കെ. എബ്രഹാം ........... 17

**യേശുക്രിസ്തു മുഖാന്തിരം . . . .**
മാത്യു ഫിലിപ്പ് .................................. 18

**ബൈബിൾ പ്രശ്നാവലി .............** 20

**വാർത്തകളും, കുറിപ്പുകളും** 22


### *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തൊടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചുതരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*


# ആത്മപ്രകാശിനി

**Vol. XXIX** **No.2**

## 2010 ഫെബ്രുവരി

***പത്രാധിപസമിതി***
കെ. എ. ഫിലിപ്പ്
ഡോ. ഒ.എം. ശാമുവേൽ
ഡോ. കെ.സി. ജോൺസൺ

***പബ്ലിഷർ & മാനേജർ***
സി. എ. ജോർജ്ജ്

***ഡി.റ്റി.പി.***
**നെല്ലിമല** ഓഫ്സെറ്റ് പ്രിന്റേഴ്സ്, കുമ്പനാട്
ഫോൺ : 0469 2663308, 94476 00308

***പ്രിന്റിങ്***
എക്സൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഓമല്ലൂർ
ഫോൺ: 0468 2 350320

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ : 50 രൂപ (മുൻകൂർ)
വിദേശത്ത് : 500 രൂപ (മുൻകൂർ)

***ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം***
ഡോ.ഒ. എം. ശാമുവേൽ
പി.ബി.നമ്പർ - 46
സുവിശേഷാലയം
പത്തനംതിട്ട - 689 645
ഫോൺ: 0468 2 224045

**വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം**

മാനേജർ
**ആത്മപ്രകാശിനി**
പി.ബി.നമ്പർ : 10
കുമ്പനാട് 689 547
ഫോൺ : 0469 2664314 (O)
0469 2664925 (R)

www.athmaprakashini.com
+919447265500
**athmaprakashini@gmail.com**

# സാത്താന്റെ തന്ത്രങ്ങൾ

**Dr. K.C. Johnson, Mavelikkara**

**വി**ശ്വാസികളെ തോല്പിക്കുന്നതിനും അവരുടെ ആത്മീയ വളർച്ചയെ തടസ്സപ്പെടുത്തുന്നതിനും നൂതന തന്ത്രങ്ങൾ മെനഞ്ഞ് സാത്താൻ ഊടാടി സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. ഏദൻ തോട്ടത്തിൽ തുടങ്ങി ഈ 21-ാം നൂറ്റാണ്ടിലും അവൻ തന്റെ കെണികളുമായി ഇരയെ തേടി നടക്കുന്നുണ്ട്. അപ്പൊസ്തലനായ പൗലൊസ് കൊരിന്തിലെ വിശുദ്ധന്മാർക്ക് ഇതു സംബന്ധിച്ച് ഒരു മുന്നറിയിപ്പും ഇപ്രകാരം നൽകിയിട്ടുണ്ട്: "സാത്താൻ നമ്മെ തോല്പിക്കരുത്; അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ" (2 കൊരി. 2:11). സാത്താന്റെ തന്ത്രങ്ങളെക്കുറിച്ചുള്ള അറിവ് വിജയകരമായ ക്രിസ്തീയ ജീവിതത്തിനു നമ്മെ തീർച്ചയായും സഹായിക്കും. അവയിൽ ചിലതിലേയ്ക്ക് അനുവാചകരുടെ ശ്രദ്ധയെ ക്ഷണിക്കുന്നു.

**1. പരീക്ഷ**

ദൈവം ആരേയും പരീക്ഷിക്കുന്നില്ല (യാക്കോബ് 1:13). ഒരു വിശ്വാസിയുടെ ജീവിതത്തിൽ പരിശോധന (Testing) നൽകുന്നത് ദൈവമാണ്. എന്നാൽ അവനെ പരീക്ഷിക്കുന്നത് (Tempting) സാത്താനാണ്. ഇയ്യോബിന്റെ അനുഭവം വ്യക്തമാക്കുന്നത് ദൈവത്തിന്റെ അനുവാദത്തോടുകൂടെ മാത്രമേ സാത്താന് ദൈവമക്കളെ പരീക്ഷിക്കുവാൻ സാധിക്കൂ എന്നാണ്. മനുഷ്യനിൽ മോഹം ജനിപ്പിച്ച് അവനെ പാപത്തിലേയ്ക്കും അധാർമ്മികതയിലേയ്ക്കും അപഥസഞ്ചാരത്തിലേയ്ക്കും നയിക്കുവാൻ പിശാച് വിശ്വാസികളുടെ അടുത്ത് പരീക്ഷയുമായിട്ട് വരും. ഇത്തരം സന്ദർഭത്തിൽ പരീക്ഷയിൽ ജയം പ്രാപിക്കുവാൻ പ്രാർത്ഥന ഒരു ദൈവപൈതലിന് എപ്പോഴും കൂടെയുള്ള നല്ല ആയുധമാണ്. "പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ എഴുന്നേറ്റു പ്രാർത്ഥിപ്പിൻ" (ലൂക്കൊസ് 22:46) എന്ന കർത്താവിന്റെ ആലോചന ഇതിനോടു ചേർത്ത് ചിന്തിക്കേണ്ടതാണ്. നമ്മുടെ ജീവിതത്തിൽ പരീക്ഷ അനുവദിക്കുന്ന ദൈവം അതിനോടുകൂടെ അതിൽ നിന്നും രക്ഷപ്പെടുവാൻ ഒരു പോക്കുവഴിയും ഉണ്ടാക്കിയിരിക്കും (1 കൊരി. 10:13). ആ വഴിയിലൂടെ യോസേഫിനെപ്പോലെ ഒരു ആത്മികന് പരീക്ഷയിൽ ജയം പ്രാപിക്കുവാൻ കഴിയും; ആ വഴി അവഗണിച്ചാൽ ശിംശോനെപ്പോലെ പരാജിതനായിത്തീർന്ന് ഒരു പരിഹാസപാത്രമായി തീരുവാനും ഇടയാകും.

**2. നിഗളം**

പരീക്ഷയിലൂടെ ഒരുവനെ തകർക്കുന്നതിന് കഴിയില്ല എന്നു കാണുമ്പോൾ തന്റെ അടുത്ത ആയുധവുമായി സാത്താൻ അടുത്തുവരും. നിഗള മനോഭാവം ആത്മീയരിൽ വളർത്തുന്നതിന് ആവശ്യമായ സാഹചര്യം സൃഷ്ടിച്ചുകൊണ്ടായിരിക്കും അവൻ അടുത്ത് വരുന്നത്. പരീക്ഷയിൽ വിജയിക്കുന്ന അനേകരെ വീഴ്ത്തുന്ന സാത്താന്റെ തന്ത്രമാണിത്. സഭയിലും വിശ്വാസ സമൂഹത്തിലും ശുശ്രൂഷാരംഗങ്ങളിലും ആത്മീയത്വത്തിലും ആത്മീയ പാരമ്പര്യത്തിലും എന്നെക്കവിഞ്ഞ് ആരുമില്ല എന്ന രീതിയിലുള്ള ചിന്തയും മനോഭാവവും ഒരു വിശ്വാസിയിലേയ്ക്ക് കൊണ്ടുവരുന്നത് സാത്താനാണ്. അതുകൊണ്ടാണ് "ദൈവം നിഗളികളോട് എതിർത്തു നില്ക്കുന്നു" എന്നു എഴുതിയിട്ട് "ആകയാൽ. . . പിശാചിനോടു എതിർത്തു നില്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും" എന്ന് യാക്കോബ് വിശ്വാസികളെ ഓർപ്പിക്കുന്നത് (യാക്കോബ് 4:6,7).

**3. അപവാദം**

സാത്താൻ കൊണ്ടുവരുന്ന ഒരു തന്ത്രത്തിലും ഒരു ആത്മികൻ കുടുങ്ങുന്നില്ല എന്നു കാണുമ്പോൾ അവൻ ഇറക്കുന്ന '*19-ാമത്തെ അടവാണ്*' ആ വിശ്വാസിയെപ്പറ്റി അപവാദം പ്രചരിപ്പിക്കുക എന്നത്. "സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന അപവാദി" (വെളി. 12:10) എന്നാണ് സാത്താനെക്കുറിച്ച് വെളിപ്പാടു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വിശ്വാസികൾ എന്ന് അഭിമാനിക്കുന്നവർപോലും അറിഞ്ഞോ അറിയാതയൊ ഇന്ന് സഹോദരന്മാരെക്കുറിച്ച് അപവാദം പറയുന്നില്ലേ! എങ്കിൽ അവരും പിശാചിന്റെ കരങ്ങളിലെ ആയുധമായിത്തിരുകയല്ലേ! അപവാദ ഭാരത്താൽ പലരാലും അപമാനിതരായിത്തീരുന്ന ദൈവമക്കളുടെ ആശ്വാസവും ധൈര്യവും, അവരെ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന ഒരു കർത്താവ് ജീവിക്കുന്നു എന്നുള്ളതാണ്.

# വെളിപ്പാടു പുസ്തകം - ഒരു പഠനം 3

ഡോ. ഒ. എം. ശമുവേൽ

യോഹന്നാൻ ആണ് ഈ വെളിപ്പാട് നമുക്ക് തന്നത്. അതിൽ നിന്നും ഈ പുസ്തകത്തിന്റെ എഴുത്തുകാരൻ യോഹന്നാൻ ആണെന്നതിന് 2 പക്ഷമില്ല. ഇതു കൂടാതെ യോഹന്നാന്റെ പേര് 4 പ്രാവശ്യംകൂടി ആവർത്തിച്ചു വരുന്നുണ്ട് (1:4, 9, 21:2,22:8). എന്തുകൊണ്ടാണ് യോഹന്നാൻ തന്റെ അപ്പൊസ്തലത്വം ഇവിടെ പ്രസ്താവിക്കുന്നില്ല എന്ന ചോദ്യം സംഗതമാണ്. എന്നാൽ മറ്റുലേഖന കർത്താക്കളും യേശുക്രിസ്തുവിന്റെ ദാസൻ എന്ന് പരിചയപ്പെടുത്തുന്നതിൽ അഭിമാനം കൊള്ളുന്നുണ്ട് (റോമർ1:1; ഫിലി.1:1 തിത്തൊസ് 1:1, യാക്കോബ് 1:1; 2 പത്രൊസ് 1:1; യൂദാ 1:1).

ഈ വെളിപ്പാട് മറ്റു 2 വിധത്തിൽ കൂടി പ്രസക്തമാണ്. ഈ വെളിപ്പാട് ദൈവത്തിന്റെ വചനമാണ്. ഇതിന്റെ ആധികാരികത ഒരളവിൽ വെളിപ്പെടുത്തിയിരിക്കുകയാണ്. അതുപോലെ യേശുക്രിസ്തുവിന്റെ സാക്ഷ്യവുമുണ്ട്. ഈ 2 നിലകളിലും ഈ പുസ്തകം ശ്രദ്ധേയമായ ഒന്നാണ്. മറ്റൊരു സവിശേഷത യോഹന്നാൻ കണ്ടത് ഒക്കെയും സാക്ഷീകരിച്ചു എന്നുള്ളതാണ്. തനിക്കു ലഭിച്ച വെളിപ്പാട് എല്ലാംതന്നെ ഒട്ടും മറച്ചു വെയ്ക്കാതെ അനുവാചക സമക്ഷം അവതരിപ്പിക്കുകയാണ് യോഹന്നാൻ ചെയ്തത്. ദൈവത്തിന്റെ ദാസന്മാർക്കുള്ള ഒരു ശരിയായ മാതൃകയായി നാം ഇതിനെ പരിഗണിക്കണം. നമുക്കു കിട്ടുന്ന ആലോചനകൾ നാം മുഖപക്ഷം കൂടാതെ എല്ലാം വെളിപ്പെടുത്താറുണ്ടോ? നമുക്കു ലഭിക്കുന്ന ആലോചനകൾ ഒട്ടും മറച്ചു വെയ്ക്കാതെ ലഭിക്കുന്നതെല്ലാം തുറന്നു പറയുന്ന രീതി നാമും സ്വീകരിക്കണം. ഒരു ഭാഗ്യ വർണ്ണന അടുത്തു നാം കാണുന്നത് ഈ പുസ്തകം വായിച്ചു കേൾപ്പിക്കുന്നവൻ (ഏകവചനം) കേൾക്കുന്നവരും എഴുതിയിരിക്കുന്നതു പ്രമാണിക്കുന്നവരും ഭാഗ്യവാന്മാരാണ്. ആദിമനൂറ്റാണ്ടിൽ സഭകളിൽ ദൈവവചനം വായിച്ചു കേൾപ്പിക്കുന്ന രീതി ഉണ്ടായിരുന്നു. വിശ്വാസികൾക്ക് എല്ലാവർക്കും വായിക്കതക്ക നിലയിൽ ദൈവചനത്തിന്റെ കോപ്പികൾ അന്നു ലഭ്യമായിരുന്നില്ല. അതുകൊണ്ട് വായിച്ച് കേൾപ്പിക്കുന്ന ഒരു വ്യക്തി കേൾക്കുന്ന ധാരാളം വ്യക്തികൾ. അനുഗൃഹീതമായ ഒരു ശുശ്രൂഷ. ആദിമ നൂറ്റാണ്ടിലെ വിശ്വാസികൾ അപ്പൊസ്തലന്മാരുടെ ഉപദേശം കേൾക്കുകയും അനുസരിക്കുകയും ചെയ്തിരുന്നു. ഇന്ന് വചനകേൾവി ധാരാളം ഉണ്ട്. എന്നാൽ അവ പ്രമാണിക്കുന്നവർ ഗ്രഹിക്കുന്ന സത്യം ജീവിതത്തിൽ പ്രായോഗികമാക്കുന്നവർ വിരളം. യേശുക്രിസ്തു തന്നെ ഇതിൽ നല്ല ഒരു മാതൃക കാണിച്ചു തന്നിട്ടുണ്ട്. യേശുക്രിസ്തുവിന്റെ ജീവിതശൈലിയെക്കുറിച്ച് പ്രവർത്തികളുടെ പുസ്തകം ആരംഭത്തിൽ വായിക്കുന്നത് യേശുക്രിസ്തു ചെയ്തും ഉപദേശിച്ചും പോന്ന കാര്യങ്ങൾ. ഉപദേശിക്കുക മാത്രമല്ല കർത്താവു ചെയ്തത്. താൻ എന്തുപദേശിച്ചുവോ അവ പ്രായോഗിക ജീവിതത്തിൽ അനുവർത്തിച്ചു. ഹാ! എത്രമനോഹരമായ ഒരു മാതൃക. ഈ മാതൃക നാം മുറുകെ പിടിച്ചിട്ടുണ്ടോ? ദൈവവചനം ജീവതത്തിൽ പ്രമാണിക്കാനുള്ളതാണ്. ഇന്നത്തെ ദൈവജനത്തിനു സംഭവിച്ചിരിക്കുന്ന വലിയ പരാജയമാണ് ദൈവവചനം കേട്ടിട്ട് കടന്നുപോകുക എന്നുള്ളത്. നാം ഗ്രഹിക്കുന്ന സത്യങ്ങൾ ജീവിതത്തിൽ പ്രായോഗികമാക്കുന്ന ഭാഗ്യപദവിയിലേക്ക് നമുക്കുയരാം കർത്താവു സഹായിക്കട്ടെ!!.

സമയം അടുത്തിരിക്കുന്നു. ഈ പുസ്തകത്തിലെ സംഭവപരമ്പരകൾ ആരംഭിക്കുവാനുള്ള സമയം ഏറ്റവും അടുത്തിരിക്കുന്നു. അവന്റെ വരവ് ഏറ്റവും അടുത്തിരിക്കയാണ്. ഇതാ അവൻ വാതിൽക്കൽ ആയിരിക്കുന്നു. വരുവാനുള്ളവൻ വരും താമസിക്കുകയില്ല. എല്ലാത്തിന്റെയും സമയം അടുത്തിരിക്കുന്നു. (തുടരും)

---

“പ്രിയമുള്ളവരേ, പ്രവാസികളും പരദേശികളുമായ നിങ്ങളെ ആത്മാവിനോടു പോരാടുന്ന ജഡമോഹങ്ങളെ വിട്ടകന്നു ജാതികൾ നിങ്ങളെ ദുഷ്പ്രവൃത്തിക്കാർ എന്നു ദുഷിക്കുന്തോറും നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടറിഞ്ഞിട്ടു സന്ദർശന ദിവസത്തിൽ ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിനു അവരുടെ ഇടയിൽ നിങ്ങളുടെ നടപ്പ് നന്നായിരിക്കേണം എന്നു ഞാൻ പ്രബോധിപ്പിക്കുന്നു” (1 പത്രൊസ് 2:11,12). മറ്റുള്ളവർ അപവാദം പറയാനുള്ള സാഹചര്യം ഉണ്ടാക്കാതെ ജീവിക്കുന്നതിനും വിശ്വാസികൾക്ക് ഉത്തരവാദിത്തം ഉണ്ട് എന്നതും ഇതിനോട് ചേർത്ത് ഓർപ്പിക്കട്ടെ. നമ്മുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരിഞ്ഞ് ചുറ്റി നടക്കുന്നതിനാൽ അവനോടു എതിർത്തു നില്ക്കുന്നതിനും വിജയകരമായ ക്രിസ്തീയ ജീവിതം നയിക്കുന്നതിനും നമ്മെ കർത്താവ് സഹായിക്കുമാറാകട്ടെ. ●

# പരിമള തൈലം പൂശിയില്ലെങ്കിലും പരദൂഷണം പറയാതിരിക്കാം

K.A.ABRAHAM, MAZHUKEER

ഇന്നത്തെ വർത്തമാന പത്രങ്ങളിൽ കണ്ടുവരുന്ന ഒരു പതിവു വാർത്തയാണ് പരദൂഷണം പറച്ചിൽ. രാഷ്ട്രീയക്കാരും മന്ത്രിമാരും മറ്റുമാണ് ആയതിലെ പ്രധാന കഥാപാത്രങ്ങൾ. അതുപോലെ ഈ കാലങ്ങളിൽ ക്രൈസ്തവ ഈ മാദ്ധ്യമങ്ങളും ഈ നിലയിലുള്ള തരംതാണ പ്രവർത്തനങ്ങളിൽ പങ്കാളികളായി കണ്ടുവരുന്നതാണ് ഇപ്രകാരം ഒരു ലേഖനം എഴുതുവാൻ പ്രേരിപ്പിച്ച ഘടകം. ആയതിനാൽ ഇതോടുള്ള ബന്ധത്തിൽ വേദപുസ്തക ചരിത്രത്തിലെ ചില സംഭവങ്ങളെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് വായനക്കാരരുടെ ശ്രദ്ധയിലേക്കു കൊണ്ടുവരുവാൻ താല്പര്യപ്പെടുകയാണ്.

**1. മരിച്ച ലാസറിനെക്കുറിച്ചുള്ള മാർത്തയുടെ പ്രസ്താവന. (യോഹ. 11:39)**

ഇവർ തമ്മിലുള്ള ബന്ധം, സ്വന്തം സഹോദരനും സഹോദരിയും. യേശുവിനാൽ സ്നേഹിക്കപ്പെട്ട ഒരു ഭവനം. അങ്ങനെയിരിക്കെ ലാസർ മരിച്ചു. സ്വാഭാവികമായും പരിമളതൈലവും സുഗന്ധവർഗവും ഒക്കെ പുരട്ടിയായിരിക്കണം അവനെ അടക്കം ചെയ്തത്. നാലുനാൾ കഴിഞ്ഞാണ് കർത്താവ് യെരുശലേമിൽ നിന്നും ബഥാന്യയിലേക്ക് കടന്നുവരുന്നത്. അപ്പോഴും ധാരാളം യഹൂദന്മാർ മാർത്ത മറിയ സഹോദരിമാരെ ആശ്വസിപ്പാൻ അവിടെ കൂടിയിരുന്നു. അവർ എല്ലാവരും യേശുവിനോടൊപ്പം ലാസറിനെ അടക്കം ചെയ്ത കല്ലറ വാതിൽക്കൽ ചെന്നു. യേശു അവരോട് കല്ലു നീക്കുവീൻ എന്നു പറഞ്ഞു. അപ്പോൾ മരിച്ചവന്റെ സഹാദരിയായ മാർത്ത, കർത്താവേ നാറ്റം വച്ചു തുടങ്ങി. നാലുദിവസം ആയല്ലോ എന്നു പറഞ്ഞു.

ഇതൊരു പരദൂഷണം ആയിരുന്നു എന്നു പറഞ്ഞാൽ ആർക്കെങ്കിലും നിഷേധിക്കാൻ സാധിക്കുമോ? കാരണം യേശുവിനും കൂടെ വന്ന ആർക്കും തന്നെ ഈ നാറ്റം അനുഭവപ്പെട്ടില്ല. അവരാരും മൂക്കു പൊത്തിയില്ല. എങ്കിൽ സ്വന്ത സഹോദരിയായ മാർത്തയുടെ മൂക്കിന്റെ ശക്തി അപാരം എന്നു വേണം കരുതുവാൻ. സ്കോർട്ട് ലണ്ട്യാർഡിലെ പോലീസ് നായുടെ മൂക്കിനേക്കാൾ ശക്തിയുള്ള മൂക്ക് എന്നു സാരം!

ഇപ്രകാരം ശക്തിയുള്ളവർ-കഴിവുള്ളവർ-ക്രൈസ്തവ സമൂഹത്തിൽ ധാരാളം ഉണ്ടെന്നുള്ളത് ഈ കാലത്തിന്റെ ഒരു പ്രത്യേകതയാണ്. എന്നാൽ വിശ്വാസികൾക്ക് ഇത് ഭൂഷണമല്ല. അല്പസ്വല്പം ഒക്കെ നാറ്റം തോന്നിയാലും അത് എന്റെ സ്വന്ത സഹോദരൻ ആണല്ലൊ എന്നുള്ള ഒരു പരിഗണന നാം കൊടുക്കണം. വാസ്തവത്തിൽ അവിടെ യാതൊരു നാറ്റവും ഇല്ലായിരുന്നു. നാലുനാൾ ആയതുകൊണ്ട് നാറ്റം വച്ചുതുടങ്ങിക്കാണും എന്ന് അവൾ ഊഹിച്ചു വിളിച്ചു പറഞ്ഞതാണെന്നു വേണം കരുതുവാൻ. ആകയാൽ ഇപ്രകാരം ഒന്നും നമ്മുടെ കൂട്ടു സഹോദരീ സഹോദരന്മാരെക്കുറിച്ച് പറയാതിരക്കാൻ നമുക്ക് ശ്രമിക്കാം.

**2. യേശുവിനെ കുറിച്ചുള്ള ശിമോന്റെ മനോഭാവം (ലൂക്കൊസ് 7:36-46)**

യേശുക്രിസ്തുവിന്റെ ഐഹിക ജീവിത കാലത്ത് ഒരിക്കൽ പരീശന്മാരിൽ ഒരുവൻ തന്നോടുകൂടി ഭക്ഷണം കഴിപ്പാൻ യേശുവിനെ ക്ഷണിച്ചു. ആ കാലത്ത് യഹൂദമര്യാദ പ്രകാരം അതിഥികളെ സ്വീകരിക്കുന്നതിന് ചില പ്രത്യേക രീതികൾ നിലവിലുണ്ടായിരുന്നു. 1) അതിഥിയുടെ കാലിന് വെള്ളം ഒഴിച്ചു കൊടുക്കണം. 2) അതിഥിക്കു ചുംബനം കൊടുത്ത് സ്വീകരിക്കണം. 3) അതിഥിയുടെ തലയിൽ പരിമളതൈലം പൂശണം. ഈ മൂന്നു ശുശ്രൂഷകളും ശിമോൻ, കർത്താവിന് ചെയ്തില്ല. മാത്രമല്ല യേശു യഹൂദന്മാരുടെ രാജാവായി പിറന്നവനാണെന്ന് അറിവുണ്ടായിട്ടും ഒരു പ്രവാചകൻ ആയിട്ടുപോലും അംഗീകരിക്കാൻ അദ്ദേഹത്തിന് മനസ്സായില്ല. ശിമോന്റെ കാഴ്ചപ്പാടിൽ യേശു ഒരു പ്രവാചകൻ പോലും അല്ല. എങ്കിൽ പിന്നെ യേശുവിനെ ക്ഷണിച്ചു വരുത്തിയതിന്റെ ഉദ്ദേശ്യം തന്റെ തീൻമേശയുടെ പ്രൗഡി കാണിക്കുവാനായിരുന്നു എന്നത് എത്രയോ സ്പഷ്ടം.

വിളിച്ചുവരുത്തി വിരുന്ന് കൊടുക്കാൻ സാധിക്കുന്നില്ല, എങ്കിലും മറ്റുള്ളവരെ അപമാനിക്കാതിരിക്കാൻ നമുക്കു കഴിയണം. പരിമളതൈലം പൂശിയില്ലെങ്കിലും കൂട്ടു സഹോദരങ്ങളെക്കുറിച്ച് പരദൂഷണം പറയാതിരിക്കാൻ നാം ശ്രമിക്കണം. ഈ പരീശന് അതു സാധിച്ചില്ല. സകല ബഹുമാനങ്ങൾക്കും യോഗ്യനായ കർത്താവിനെ മറ്റുള്ളവരുടെ മുൻപാകെ ഒരു തരംതാണ വ്യക്തിയെ പോലെയാണല്ലൊ അവൻ ചിത്രീകരിച്ചത്. ***ഇവൻ ഒരു പ്രവാചകൻ ആയിരുന്നു എങ്കിൽ...*** ഈ രീതിയിൽ കൂട്ടുസഹോദരന്മാരെ മറ്റുള്ളവരുടെ മുമ്പാകെ തരം താഴ്ത്തിക്കാണിക്കുവാൻ നാം ഒരി

ക്കലും ശ്രമിക്കുവാൻ പാടില്ല. ആകയാൽ മറ്റുള്ള വരെ നമ്മെക്കാൾ ശ്രേഷ്ടന്മാർ എന്നെണ്ണുവാൻ ദൈവം കൃപചെയ്യുമാറാകട്ടെ (ഫിലി. 2:3).

**3. യോസഫിനെ കുറിച്ച് സഹോദരന്മാർ യാക്കോബിനോട് പറഞ്ഞ പ്രസ്താവന (ഉല്പത്തി 37:20–33)**

യോസഫ് ഒഴികെയുള്ള യാക്കോബിന്റെ മക്കൾ ശേഖേമിൽ ആടുമേയിച്ചുകൊണ്ടിരിക്കുന്ന കാലം. ഒരിക്കൽ യാക്കോബ് വാത്സല്യമകനായ യോസഫിനെ തന്റെ മക്കൾ ആടുമേയിക്കുന്നിടത്തേക്ക് പറഞ്ഞയച്ചു. അപ്പന്റെ വാക്ക് അപ്പാടെ അനുസരിച്ചു യോസഫ് സഹോദരന്മാരുടെ അടുത്തേക്കു കടന്നു പോയി. അവർ അവനെ ദൂരത്തുനിന്നു കണ്ടിട്ട് അവനെ കൊല്ലുവാൻ തീരുമാനിച്ചു. എങ്കിലും മൂത്ത സഹോദരനായ രൂബേന്റെ അപേക്ഷപ്രകാരം അവനെ കൊല്ലാതെ ഒരു പൊട്ടക്കിണറ്റിൽ ഇട്ടുകളഞ്ഞു. ഒടുവിൽ അവിടെ നിന്നും അവനെ കയറ്റി മിദ്യാന്യ കച്ചവടക്കാർക്ക് 20 വെള്ളിക്കാശിനു വിറ്റു.

അതിനുശേഷം മക്കൾ പിതാവായ യാക്കോബിന്റെ അടുത്തുവന്നു ഇപ്രകാരമാണ് പറഞ്ഞത്: ഒരു ദുഷ്ടമൃഗം അവനെ തിന്നുകളഞ്ഞു, സ്വന്ത സഹോദരനെ വിറ്റു കിട്ടിയ കാശ് കീശയിൽ ഇട്ടു കൊണ്ടാണ് ഇത്ര മോശമായ ഒരു പ്രസ്താവന അവർ പറഞ്ഞതെന്നു നാം ഓർക്കണം. മൃഗത്തിന്റെ ചോരയിൽ മുക്കിയ യോസേഫിന്റെ നിലയങ്കി തെളിവിനായി അവർ യാക്കോബിന്റെ മുമ്പാകെ ഹാജരാക്കുകയും ചെയ്തു.

ഇപ്രകാരം കൂട്ടു സഹോദരന്മാർക്ക് എതിരായി വ്യാജരേഖ ചമച്ചുണ്ടാക്കി പരദൂഷണം പരത്തുന്ന യാക്കോബിന്റെ മക്കൾ ഇന്നും ക്രൈസ്തവ സമൂഹത്തിൽ വിലസുന്നുണ്ടെന്നുള്ളത് എത്രയോ വാസ്തവം!

2008 ഒക്ടോബർ സുവിശേഷകൻ മാസികയുടെ മാനേജർ -പബ്ലീഷർ Br. James Cherian എഴുതിയ ഒരു കുറിപ്പ് ഇന്നെന്നപ്പോലെ എന്റെ ഓർമ്മയിലുണ്ട്. കർത്തൃദാസൻ എം.ഇ. ചെറിയാൻ സാറിനെ കുറിച്ച് പറഞ്ഞു പരത്തിയ ഒരു പരദൂഷണമായിരുന്നു കുറിപ്പിലെ വിഷയം. ആ അനുഭവത്തിൽ സാർ എഴുതിയ പാട്ടിൽ ഇങ്ങനെ പാടുന്നു. പരിചിതർ പലരും പരിഹസിച്ചെന്നാൽ..... പരിചിൽ നീ കൃപയാൽ പരിചരിച്ചെന്നെ.......... ആകയാൽ, ആദ്യകാലം മുതൽ ഈ ആധുനിക കാലം വരെ നീണ്ടുപോരുന്ന ഇങ്ങനെയുള്ള അനുഭവങ്ങൾ, പരിശോധനകൾ ഒരു അപൂർവ്വ കാര്യം എന്ന് ചിന്തിച്ച് അതിശയിച്ചുപോകാതെ കർത്താവിന്റെ കൃപയിൽ ഉറച്ചു നിൽപ്പാൻ ദൈവം നമുക്ക് കൃപ ചെയ്യുമാറാകട്ടെ!

**4. ശൗലിന്റെ മരണത്തിലുള്ള ദാവീദിന്റെ പ്രതികരണം (2 ശമു. 1:20)**

ജനത്തിന്റെ താല്പര്യപ്രകാരം ദൈവം ശൗലിനെ യിസ്രായേലിന്റെ രാജാവായി എഴുന്നേല്പിച്ചു. യഹോവയുടെ മുൻപാകെ അനുസരണക്കേടു കാണിച്ചതിന്റെ ഫലമായി യഹോവ അവനെ രാജസ്ഥാനത്തുനിന്നും നീക്കം ചെയ്തു. യഹോവയുടെ ഹൃദയപ്രകാരമുള്ള മനുഷ്യൻ എന്നു വിശേഷിപ്പിക്കുന്ന ദാവീദിനെ യിസ്രായേലിന്റെ രാജാവായി അഭിഷേകം ചെയ്തു. എന്നാൽ ശൗൽ സിംഹാസനം വിട്ടുകൊടുക്കാതെ ദാവീദിനെ കൊന്നു കളയുവാൻ നിരന്തരം പോരാടിക്കൊണ്ടിരുന്നു. കൂടുതൽ രക്തചൊരിച്ചിൽ ഒഴിവാക്കുവാൻ ദാവീദ് കാടുകളിലും, ഗുഹകളിലും ഒളിച്ചു പാർക്കേണ്ടിവന്നു.

ഒടുവിൽ ശൗലും തന്റ മകനായ യോനാഥാനും ഫെലിസ്ത്യരോടുള്ള യുദ്ധത്തിൽ ദാരുണമായി കൊല്ലപ്പെട്ടു. യിസ്രായേലിന്റെ സിംഹാസനം ദാവീദിന് സ്ഥിരമായി. എങ്കിലും ഈ മരണവാർത്ത കൊണ്ടുവന്ന ഭൃത്യനെപ്പോലും ജീവനോടിരിപ്പാൻ ദാവീദ് അനുവദിച്ചില്ല. തന്റെ ശത്രുവായിരുന്ന ശൗലാണ് കൊല്ലപ്പെട്ടത് എന്നറിഞ്ഞിട്ടും അതിൽ അശേഷം സന്തോഷിക്കാതെ ദാവീദ് വിലപിക്കുകയാണ് ചെയ്തത്.

അനന്തരം ശൗലിനേയും അവന്റെ മകനായ യോനാഥാനെയും കുറിച്ച് ഈ വിലാപ ഗീതം ദാവീദ് ചൊല്ലി. അതു മാത്രമല്ല അവൻ യഹൂദമക്കളെ ഈ ധനുർഗ്ഗീതം അഭ്യസിപ്പിക്കാൻ കല്പിച്ചു (1 ശമൂ. 1:17) തന്നെയുമല്ല; ഈ മരണവാർത്തയോടുള്ള ബന്ധത്തിൽ ദാവീദ് 4 വ്യവസ്ഥകൾ രാജ്യത്ത് പ്രസിദ്ധമാക്കുകയും ചെയ്തു. 1). ഗത്തിൽ അതു പ്രസിദ്ധമാക്കരുതേ; 2). അസ്കലോൻ വീഥികളിൽ ഘോഷിക്കരുതേ; 3). ഫെലിസ്ത്യ പുത്രിമാർ സന്തോഷിക്കരുതേ; 4). അഗ്രചർമ്മികളുടെ കന്യകമാർ ഉല്ലസിക്കരുതേ;

ഒരു എതിരാളിയുടെ മരണത്തോടുള്ള ബന്ധത്തിൽ ദാവീദിന്റെ മനോഭാവം ഇതായിരുന്നു എങ്കിൽ നമ്മുടെ സഹവിശ്വാസികളോടുള്ള ബന്ധത്തിൽ ദാവീദിനെ പോലുള്ള ഒരു സ്നേഹ മനോഭാവം ഉണ്ടായിരിപ്പാൻ സ്നേഹനിധിയായ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ. ●

# കൃപ എന്ന വിശിഷ്ട വിഷയം – 6

കെ.വി. ജോൺ, തിരുവല്ല

**കൃപയുടെ ബഹുത്വത്താലുള്ള ആരാധന**

ഞാനോ നിന്റെ കൃപയുടെ ബഹുത്വത്താൽ നിന്റെ ആലയത്തിലേക്ക് ചെന്ന് നിന്റെ വിശുദ്ധ മന്ദിരത്തിനു നേരേ നിങ്കലുള്ള ഭക്തിയോടെ ആരാധിക്കും (സങ്കീ.5:7).

ആരാധനയിൽ അത്യാവശ്യം വെളിപ്പെട്ടു കാണേണ്ട 'കൃപയുടെ ബഹുത്വം' എന്ന വിഷയത്തെക്കുറിച്ചാണ് കഴിഞ്ഞ ലേഖനത്തിൽ എഴുതിയിരുന്നത്. മറ്റു കാര്യങ്ങളെക്കുറിച്ച് തുടർന്ന് നോക്കാം.

***2. എവിടെ ആരാധിക്കണം***

ദാവീദു പറയുന്നത് നിന്റെ (അതായത് ദൈവത്തിന്റെ) ആലയത്തിലേക്ക് ചെന്ന് ആരാധിക്കണം എന്നാണ്. ഏതാണ് ഈ ആലയം? യോഹന്നാന്റെ സുവിശേഷം 2–10 വരെ അദ്ധ്യായങ്ങളിൽ കർത്താവ് യരുശലേം ദൈവാലയത്തെക്കുറിച്ച് എന്റെ പിതാവിന്റെ ആലയം (യോഹ.2:16) എന്നു പറഞ്ഞിട്ടുണ്ട്. ദൈവം വസിക്കുന്ന സ്വർഗ്ഗത്തെക്കുറിച്ചും ദൈവത്തിന്റെ ആലയം എന്ന് രേഖപ്പെടുത്തിക്കാണുന്നു. പുതിയനിയമത്തിലേക്ക് വരുമ്പോൾ ദൈവാലയം അഥവാ ദൈവത്തിന്റെ മന്ദിരം വിശ്വാസിയോ വിശ്വാസ വൃന്ദമോ ആകാം. താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ ശ്രദ്ധിക്കുക. പൗലൊസ് കൊരിന്ത്യരോടു പറയുന്നു. "നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ" (1കൊരി. 3:16) പൗലൊസ് തുടരുന്നു. "നിങ്ങൾ ദൈവത്തിന്റെ ഗൃഹനിർമ്മാണം" (1 കൊരി.3:9) കർത്താവിന്റെ വാക്കുകൾ കൂടി ശ്രദ്ധിക്കുക. "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടി വരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട്" (മത്തായി 18:20).

"എന്നിൽ വസിപ്പിൻ ഞാൻ നിങ്ങളിലും വസിക്കും" (യോഹ 15:4). "ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും" (യോഹ.15:5) മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വാക്യങ്ങളിൽ നിന്നും ദൈവത്തിന്റെ ആലയം എന്നു പറയുന്നത് വിശ്വാസിയോ, വിശ്വാസികളുടെ കൂട്ടമോ ആകാം. വിശ്വാസി ഒറ്റയ്ക്കാണെങ്കിൽ അവൻ തന്നെ ദൈവത്തിന്റെ മന്ദിരമാണ്. കാരണം കർത്താവ് അവനിൽ വസിക്കുന്നു. വിശ്വാസ വൃന്ദമാണെങ്കിൽ അവരും ദൈവത്തിന്റെ ആലയമാണ്. കാരണം ദൈവം അവരിൽ വസിക്കുന്നു. അവരുടെ നടുവിൽ ദൈവം ഉണ്ട്. അങ്ങനെ വരുമ്പോൾ വിശ്വാസിക്ക് ഒറ്റയ്ക്കോ മറ്റു വിശ്വാസികളോടു ചേർന്ന് കൂട്ടമായോ ദൈവത്തെ ആരാധിക്കാം. ഇവിടെ കൂടുന്ന സ്ഥലത്തിനല്ല പ്രാധാന്യം. പിന്നെയോ വ്യക്തികൾക്കാണ് പ്രാധാന്യം. രക്ഷിക്കപ്പെട്ട വരുടെ കൂട്ടമാണല്ലോ സഭ. അവർക്ക് ഒറ്റയ്ക്കോ കൂട്ടമായോ ദൈവത്തെ ആരാധിപ്പാൻ സാധിക്കും എന്ന് വ്യക്തം. എന്നാൽ അവർ സാക്ഷാൽ മുന്തിരിവള്ളിയായ കർത്താവായ യേശുക്രിസ്തുവിനോടു ചേർത്തിരിക്കുന്ന കൊമ്പുകളായിരിക്കണം എന്നതാണു വ്യവസ്ഥ. അവിശ്വാസിയോടു ചേർന്ന് ഒരു വിശ്വാസിക്ക് ഒരിക്കലും ദൈവത്തെ ആരാധിപ്പാൻ കഴികയില്ല. കാരണം അവിശ്വാസി കർത്താവാകുന്ന മുന്തിരിവള്ളിയിൽ വസിക്കാത്തവനും പുറത്തു കളഞ്ഞിട്ട് ഉണങ്ങിപ്പോകുന്നവനുമാണ് (യോഹ.15:6).

പൗലൊസ് കൊരിന്ത്യരോടു പറയുന്നു "നിങ്ങൾ അവിശ്വാസികളോട് ഇണയല്ലാപ്പിണ കൂടരുത്. നീതിക്കും അധർമ്മത്തിനും തമ്മിൽ എന്തൊരു ചേർച്ച? വെളിച്ചത്തിനു ഇരുളോട് എന്തൊരു കൂട്ടായ്മ? അവരുടെ നടുവിൽ നിന്നും പുറപ്പെട്ടു വേർപ്പെട്ടിരിപ്പിൻ എന്നു കർത്താവ് അരുളിച്ചെയ്യുന്നു" (2 കൊരി. 6:14–16).

**3) ആരെ ആരാധിക്കണം.** പ്രസ്തുത വാക്യത്തിൽ ആരാധ്യപുരുഷനെ പേരെടുത്തു പറഞ്ഞിട്ടില്ല. എന്നാൽ വിശുദ്ധ മന്ദിരത്തിനു നേരേ എന്നു പറഞ്ഞിരിക്കുന്നു. ഇതിന്റെ ആശയം എന്താണ്? തിരുവെഴുത്തു പരിശോധിച്ചാൽ ഇത് നിഷ്പ്രയാസം മനസ്സിലാകും. ചിലവാക്യങ്ങൾ നോക്കുക.

"യഹോവ തന്റെ വിശുദ്ധമന്ദിരത്തിൽ ഉണ്ട് യഹോവയുടെ സിംഹാസനം സ്വർഗ്ഗത്തിലാകുന്നു" (സങ്കീ.11:4). "യഹോവയെ സ്തുതിപ്പിൻ അവന്റെ വിശുദ്ധ മന്ദിരത്തിൽ സ്തുതിപ്പിൻ" (സങ്കീ. 150:1). ഈ വാക്യങ്ങളിൽ നിന്നും ആരാധിക്കേണ്ടത് സിംഹാസനസ്ഥനായ സ്വർഗ്ഗീയ പിതാവിനെയാണെന്നു കാണുന്നു. ഇവിടെ 'നേരെ' എന്നുള്ള പദപ്രയോഗം വളരെ അർത്ഥവത്താണ്. ഏകാഗ്രതയോടെ വേണം ആരാധന നടത്തേണ്ടത് എന്നാണ്. നോട്ടം പിഴച്ചാൽ ഏകാഗ്രത മാറും അതിന് ഇടയാകരുത്.

യഹൂദന്മാർക്ക് യരുശലേമിനെ നോക്കി പ്രാർത്ഥിക്കണമെന്നും സ്തോത്രയാഗം അർപ്പിക്കണമെന്നും നിഷ്ക്കർഷ ഉണ്ടായിരുന്നു. ദാനിയേൽ തന്റെ മാളികമുറിയുടെ തുറന്നിരുന്ന

സഹോദരിമാരോട്......

# മഗ്ദല മറിയ

**മേഴ്സി യോഹാൻ, ഫുജെറ**

ഗലീല കടലിന്റെ പടിഞ്ഞാറേ തീരത്തെ ഒരു പട്ടണമാണ് മഗ്ദല. മഗ്ദല ദേശത്തുകാ രിയായ തിനാലും, വചനത്തിൽ പരാമർശി ച്ചിരിക്കുന്ന മറ്റു മറിയമാരിൽ നിന്നും വ്യത്യസ്ത ആയതിനാലും ആണ് പ്രസ്തുത മറിയ മഗ്ദല മറിയ എന്നറിയപ്പെടുന്നത്. അവളുടെ കുടുംബപശ്ചാത്തലമോ മറ്റ് ഏതെങ്കിലും വിവരങ്ങളോ വേദപുസ്തക ത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ഈ മഗ്ദലക്കാരത്തി മറിയയാണ് നമ്മുടെ കർത്താവിനെ കണ്ണുനീർകൊണ്ട് കാൽ നനച്ച് തന്റെ തലമുടികൊണ്ട് തുടച്ച് കാൽ ചുംബിച്ച് പരിമള തൈലം പൂശിയത് എന്ന് കരുതപ്പെടുന്നു.

സുവിശേഷങ്ങളിൽ പല ഭാഗങ്ങളിലായി 14 പ്രാവശ്യം അവളുടെ പേര് പരാമർശിച്ചിട്ടുണ്ട്. അവൾ ഭൂതഗ്രസ്ത ആയിരുന്നെന്നും അവളിലുണ്ടായിരുന്ന 7 ഭൂതാത്മാക്കളെ യേശുകർത്താവ് പുറത്താക്കിയെന്നും അങ്ങനെ അവൾക്ക് സൗഖ്യവും സുബോധവും തിരികെ ലഭിച്ചു എന്നും നാം മർക്കോസ് 16:9ൽ നിന്നും മനസ്സിലാക്കുന്നു. തന്റെ ജീവിതത്തിൽ യേശുകർത്താവ് വരുത്തിയ പരിവർത്തനംനിമിത്തം, തന്റെ കർത്താവിനോട് കടപ്പെട്ടിരിക്കുന്ന ജീവിതമാണ് മറിയയ്ക്ക് ഉണ്ടായിരുന്നത്. തന്റെ ആത്മാവിനെ രക്ഷിച്ചതിനാൽ അവൾ ദൈവത്തെ സ്നേഹിക്കുകയും അന്ത്യത്തോളം യേശുവിനെ പിൻപറ്റുകയും ചെയ്തു.

യേശുവിന്റെ കാലത്ത് യഹൂദ റബ്ബിമാർ സ്ത്രീകളെ പഠിപ്പിക്കുക പതിവില്ലായിരുന്നു. എന്നാൽ യേശുകർത്താവ് അവരെ തള്ളി കളഞ്ഞില്ല. തന്റെ കൂടെ സഞ്ചരിക്കുവാനും ശുശ്രൂഷകളിൽ സഹകരിപ്പിക്കുവാനും യേശു കർത്താവ് തയ്യാറായി. ദൈവമുമ്പാകെ സ്ത്രീ പുരുഷഭേദമോ പക്ഷപാതമോ ഇല്ലായെന്ന് യേശു പ്രവൃത്തിയിലൂടെ കാണിച്ചുകൊടുത്തു.

യൂദാസ് ഒറ്റിക്കൊടുത്തു, പത്രൊസ് തള്ളിപ്പറഞ്ഞു. എന്നാൽ, കാൽവറിയിലെ കുരിശോളം മറിയ തന്റെ നാഥനെ പിൻപറ്റി. മറ്റു ശിഷ്യന്മാരും അനുഗാമികൾ ഒക്കെതന്നെയും മാറിപ്പോയിരുന്നു. സ്വന്തം ജീവനിൽ കൊതിയുണ്ടായിരുന്ന അവരൊക്കെയും യഹൂദ പ്രമാണിമാരെ ഭയന്നിരുന്നു. എന്നാൽ യേശുവിനെ പിൻപറ്റിയ മറിയ, പുരോഹിതന്മാർ അവനെ നിന്ദിക്കുന്നത് കാണുകയും കേൾക്കുകയും ചെയ്തു. പൊന്തിയോസ് പീലാത്തോസിന്റെ വിധിവാചകം അവൾ കേട്ടു. അവളുടെ ഹൃദയം പിളരുകയായിരുന്നു. നിസ്സഹായയായ അവൾ തന്റെ അരുമനാഥന് എന്തു ഭവിക്കും എന്നറിയുന്നതിനു വേണ്ടി വിട്ടുമാറാതെ കൂടെ നിന്നു. (മത്തായി 27:56). അരിമഥ്യക്കാരനായ യോസഫും നിക്കോദമോസും ചേർന്ന് കർത്താവിന്റെ തിരുശരീരം ഏറ്റു വാങ്ങുന്നതും, യഹൂദ മതാചാരപ്രകാരം അവനെ സംസ്കരിക്കുന്നതും അവൾ കണ്ടു. പിന്നീട് ദു:ഖത്തോടെ അവൾ തന്റെ ഭവനത്തിലേക്ക് മടങ്ങി.

---

കിളിവാതിലിലൂടെ യരുശലേമിനു നേരേ നോക്കി ദൈവസന്നിധിയിൽ മുട്ടുകുത്തി പ്രാർത്ഥിച്ചു സ്തോത്രം ചെയ്തു (ദാനി.6:10). സമുദ്രത്തിൽ മൽസ്യത്തിന്റെ വയറ്റിൽ കിടന്ന യോനയുടെ പ്രാർത്ഥനയും സ്തോത്രവും ശ്രദ്ധിക്കുക.

“നിന്റെ ദൃഷ്ടിയിൽ നിന്നു എനിക്കു നീക്കം വന്നിരിക്കുന്നു. എങ്കിലും ഞാൻ നിന്റെ വിശുദ്ധ മന്ദിരത്തിങ്കലേക്കു നോക്കികൊണ്ടിരിക്കും എന്നു ഞാൻ പറഞ്ഞു....... ഞാനോ സ്തോത്രനാദത്തോടെ നിനക്കു യാഗം അർപ്പിക്കും നേർന്നിരിക്കുന്നതു ഞാൻ കഴിക്കും” (യോന. 2:4-9).

അർപ്പണ ബോധത്തോടെ ദൈവസന്നിധിയിൽ ആയിരിക്കുന്നവർക്കു മാത്രമേ കൃപയുടെ ബഹുത്വത്താൽ ദൈവത്തെ ആരാധിപ്പാൻ സാധിക്കയുള്ളു. സങ്കീർത്തനക്കാരൻ പറയുന്നു “നിന്റെ സൗമ്യത എന്നെ വലിയവനാക്കിയിരിക്കുന്നു” (സങ്കീ.18:35). കർത്താവിന്റെ സൗമ്യത കൈമുതലാക്കിയവനു മാത്രമേ കർത്താവിലൂടെ ദൈവത്തെ ആരാധിപ്പാൻ കഴികയുള്ളു. “ദൈവം നിഗളികളോട് എതിർത്തു നില്ക്കയും താഴ്മയുള്ളവർക്ക് കൃപ നല്കുകയും ചെയ്യുന്നു” (യാക്കോബ്. 4:6).

**4. എങ്ങനെ ആരാധിക്കണം** : ദൈവത്തിങ്കലുള്ള ഭക്തിയോടെ - ഭക്തി എന്ന പദത്തിന് ഭയം കലർന്ന ബഹുമാനം എന്നാണ് അർത്ഥം പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായ ഭക്തിയോ അനാഥരേയും വിധവമാരേയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതെ തന്നെത്താൻ കാത്തുകൊള്ളുന്നതുമാകുന്നു (യാക്കോബ് 1:27). വിശ്വാസിയെന്ന് അഭിമാനിക്കുന്ന ഒരുവൻ തന്റെ നാവിനു കടിഞ്ഞാണിടാതെ തന്റെ ഹൃദയത്തെ വഞ്ചിച്ചുകൊണ്ട് താൻ ഭക്തൻ എന്നു നിരൂപിച്ചാൽ അവന്റെ ഭക്തി വ്യർത്ഥം അത്രേ (യാക്കോബ് 1:26). വരും കാലങ്ങളിൽ കൃപയുടെ ബഹുത്വത്താൽ തന്നെ കൃപയുള്ള ദൈവത്തെ ആരാധിപ്പാൻ നമുക്ക് ഇടയാകട്ടെ (തുടരും).

പിറ്റേന്നാൾ ശബത്ത് ആയിരുന്നതുകൊണ്ട് അവൾ തന്റെ ഭവനത്തിൽ വിശ്രമിച്ചു. ആഴ്ച വട്ടത്തിന്റെ ഒന്നാം നാൾ അതിരാവിലെ ഇരുട്ടുള്ളപ്പോൾ തന്നെ അവൾ ഒരുക്കിയ സുഗന്ധ വർഗ്ഗങ്ങളുമായി കല്ലറയ്ക്കൽ എത്തി. എന്നാൽ കല്ല് നീങ്ങി തുറന്നിരിക്കുന്ന ഒരു കല്ലറ വാതിലാണ് മറിയയ്ക്ക് കാണുവാൻ കഴിഞ്ഞത്. തകർന്ന ഹൃദയത്തോടെ അവൾ ശിഷ്യന്മാരുടെ അടുത്തേക്ക് ഓടിയെത്തി. തന്റെ കർത്താവിനെ ആരോ എടുത്തുകൊണ്ടു പോയി എന്ന് അവൾ അവരോടു പറഞ്ഞു. അവരിൽ ചിലർ കല്ലറയ്ക്കൽ ഓടിയെത്തി, വാർത്ത സത്യം തന്നെയെന്ന് സ്ഥിതീകരിച്ചു. അതിനുശേഷം അവർ മടങ്ങിപ്പോയി. പക്ഷേ മറിയയോ മടങ്ങുവാൻ മനസ്സില്ലാതെ കരഞ്ഞുകൊണ്ട് അവിടെതന്നെ നിന്നു. അവൾവീണ്ടും കുനിഞ്ഞ് കല്ലറയുടെ ഉള്ളിലേക്ക് നോക്കി. വെള്ളവസ്ത്രം ധരിച്ച 2 പേർ ഒരാൾ തലയ്ക്കലും മറ്റേയാൾ കാൽക്കലും ഇരിക്കുന്നത് അവൾ കണ്ടു. അവർ ദൂതന്മാർ എന്ന് അവൾ അറിഞ്ഞില്ല. അവർ അവളോട് “സ്ത്രീയേ നീ കരയുന്നത് എന്ത്” എന്ന് ചോദിച്ചു. എന്റെ കർത്താവിനെ എടുത്തുകൊണ്ടു പോയി എവിടെവച്ചുവെന്ന് ഞാനറിയുന്നില്ലായെന്ന് പറഞ്ഞു. ഇത് പറഞ്ഞിട്ട് അവൾ പിന്നോക്കം തിരിഞ്ഞു. യേശു നില്ക്കുന്നത് കണ്ടു. യേശു എന്ന് അറിഞ്ഞതുമില്ല. എന്നാൽ യേശു അവളോട് സ്ത്രീയേ നീ കരയുന്നത് എന്തിന്, ആരെ തിരയുന്നു എന്ന് ചോദിച്ചു. അവൻ തോട്ടക്കാരൻ എന്ന് കരുതി മറിയ അവനോട് യജമാനനേ നീ അവനെ എടുത്തു കൊണ്ടുപോയി എങ്കിൽ, അവനെ എവിടെ വെച്ചുവെന്ന് പറഞ്ഞുതരിക, ഞാൻ അവനെ എടുത്തുകൊണ്ട് പൊയ്ക്കൊള്ളാം എന്ന് കരഞ്ഞ് പറഞ്ഞു. യേശു അവളോട് “മറിയേ” എന്ന് വിളിച്ചു. അവൾ തിരിഞ്ഞു “റബ്ബൂനി” എന്ന് പറഞ്ഞു അതിന് ഗുരു എന്നർത്ഥം. തന്റെ കർത്താവിനെ ജീവനുള്ളവനായി കണ്ട മറിയ അതിന്റെ ആശ്ചര്യം മറച്ചു വച്ചില്ല. യേശു അവളോട് എന്നെ തൊടരുത്, ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറി പോയിട്ടില്ല. നീ എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്ന്, എന്റെ പിതാവും നിങ്ങളുടെ ദൈവവുമായവന്റെ അടുക്കൽ ഞാൻ കയറിപ്പോകുന്നു എന്ന് അവരോട് പറകയെന്ന് പറഞ്ഞു. മഗ്ദലക്കാരത്തി മറിയ ശിഷ്യന്മാരുടെ അടുക്കൽ വന്നു, കർത്താവിനെ കണ്ടുവെന്നും അവൻ തന്നോട് ഇങ്ങനെ പറഞ്ഞുവെന്നും അവരെ അറിയിച്ചു.

മരിച്ച യേശുകർത്താവ് മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റിരിക്കുന്നുവെന്ന മഹാസത്യം ലോകത്തെ അറിയിക്കുവാനുള്ള ഭാഗ്യം മറിയയ്ക്ക് ലഭിച്ചു. അങ്ങനെ അവൾ ഒരു സാക്ഷിയായി പിന്നീട് മറിയയെക്കുറിച്ച് ഒരിടത്തും പറഞ്ഞിട്ടില്ല.

പ്രീയ സഹോദരിമാരേ, മറിയയുടെ ജീവിതം എന്താണ് നമ്മെ പഠിപ്പിക്കുന്നത്? ഭൂതഗ്രസ്തയായിരുന്ന ഒരു സ്ത്രീയുടെ വിടുതൽ മാത്രമല്ല, പിന്നയോ നശിച്ചു പൊയ്ക്കൊണ്ടിരുന്ന ഒരു ആത്മാവ് യേശുക്രിസ്തുവിന്റെ കരത്താൽ സൗഖ്യം പ്രാപിച്ചപ്പോൾ വിശുദ്ധയും വിശ്വസ്തയും ആയ ഒരു ദാസിയായി മാറുന്ന കാഴ്ചയാണ് നമുക്ക് കാണുവാൻ കഴിയുന്നത്. ഒരിക്കൽ നമ്മുടെ അവസ്ഥയും മറ്റൊന്ന് ആയിരുന്നില്ല. രക്താംബരം പോലെ കടുംചുവപ്പായിരുന്ന നമ്മുടെ പാപങ്ങൾ ഹിമംപോലെ വെളുപ്പിക്കാൻ ദൈവത്തിന് പ്രസാദമായി (യെശ.1:18) കർത്താവ് നമ്മുടെ ഉള്ളിൽ വന്നാൽ ദുരാത്മാവിന് പിന്നെ സ്ഥാനം ഇല്ല. പരിശുദ്ധാത്മാവാണ് നിയന്ത്രിക്കുന്നതും നമ്മെ നയിക്കുന്നതും നമ്മുടെ ജീവിതത്തിൽ വരുന്ന വ്യത്യാസം നമ്മെ കാണുന്നവർക്ക് വെളിപ്പെടുംവണ്ണം നിർമ്മലം ആയിരിക്കണം. പഴയതെല്ലാം നീങ്ങി പുതിയതായോരു അനുഭവം മറിയയുടെ അനുഭവം നമ്മിലും ഉണ്ടായിരിക്കട്ടെ.

മറിയയുടെ ജീവിതത്തിന്റെ പ്രത്യേകത, അവളുടെ നിഷ്ളങ്കമായ സ്നേഹം മാത്രം ആയിരുന്നില്ല. തന്റെ ആത്മാവിനെ രക്ഷിച്ച കർത്താവിനോടുള്ള പ്രതിബദ്ധതയും ദർശിക്കുവാൻ കഴിയും. കാൽവറിയിലെ കുരിശോളം യേശുവിനെ പിൻപറ്റുന്ന ഒരു മറിയ, സാഹചര്യങ്ങളെ ഭയപ്പെടാത്ത മറിയ, ലോകത്തെ അവൾ ഓർക്കുന്നില്ല. അതികാലത്തെ എഴുന്നേറ്റ് ഒരുക്കിയ സുഗന്ധവർഗ്ഗവുമായി കല്ലറ വാതിൽക്കൽ എത്തുന്ന മറിയ - കർത്താവിന്റെ സമീപത്തേക്ക് ഓടിയെത്തുന്ന മറിയ, നമുക്ക് ഒരു പാഠം ആയിരിക്കട്ടെ. മറിയുടെ സ്നേഹം മരണം പോലെ ഉറപ്പുള്ളതായിരുന്നു. (ഉ.ഗീതം8:6).

മറിയയയുടെ ഭൂതകാലം എന്തുതന്നെ ആയിരുന്നാലും വീണ്ടെടുക്കപ്പെട്ട ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ ഉണ്ടാകുന്ന പരിവർത്തനത്തിന്റെ പവിത്രത നമുക്ക് കാണുവാൻ കഴിയും. സുവിശേഷങ്ങളിൽ മറിയമാരുടെ പേര് പറയുന്നിടത്തൊക്കെയും “മഗ്ദലക്കാരിത്തി മറിയ’യുടെ പേര് മിക്കവാറും ഒന്നാമതായി പറഞ്ഞിരിക്കുന്നതായി കാണുന്നു. അത് അവൾക്ക് ലഭിച്ച അംഗീകാരമായി കരുതാം. അവൾ സുവിശേഷത്തിൽ പങ്കുകാരിയായി അന്ത്യത്തോളം വിശ്വസ്തയായി ജീവിച്ച് സ്വർഗ്ഗരാജ്യത്തിൽ പേരുകാരിയും അവകാശിയും ആയിത്തീർന്നു.

മറിയയ്ക്ക് വളരെ ലഭിച്ചു. ദൈവം നമ്മെയും അനുഗ്രഹിക്കട്ടെ. ●

# ക്രിസ്തീയ ശിഷ്യത്വം – 2

Dr. Silas C. Nair, Ernakulam

**ശിഷ്യത്വത്തിലേക്കുള്ള വിളി.**

യോഹന്നാൻ സ്നാപകൻ തന്റെ 2 ശിഷ്യന്മാർക്ക് "ദൈവത്തിന്റെ കുഞ്ഞാടിനെ" കാണിച്ചുകൊടുത്തു (യോഹ. 1:36). അവർ അവനെ അനുഗമിച്ചു. യേശു തിരിഞ്ഞു അവർ പിന്നാലെ വരുന്നതു കണ്ട് അവരോട് "നിങ്ങൾ എന്ത് അന്വേഷിക്കുന്നു" എന്നു ചോദിച്ചു. അവൻ പാർക്കുന്ന ഇടം അവർക്ക് അറിയണം. "വന്നു കാണ്മീൻ" എന്ന് യേശു പറഞ്ഞു. അങ്ങനെ അവൻ വസിക്കുന്നിടം അവർ കണ്ടു. അന്ന് അവനോടുകൂടെ പാർത്തു. അവരിൽ ഒരുത്തനായ അന്ത്രയോസ് തന്റെ സഹോദരനായ ശിമോനെ ആദ്യം കണ്ടു അവനോട് ''ഞങ്ങൾ മശിഹയെ എന്നു വെച്ചാൽ ക്രിസ്തുവിനെ കണ്ടെത്തിയിരിക്കുന്നു'' എന്നു പറഞ്ഞു അവനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു (യോഹ. 1:35-41). പിന്നീട് അവർ മീൻ പിടിക്കുമ്പോഴാണ് ശിമോനെയും അന്ത്രെയോസിനെയും യേശു അവനെ അനുഗമിക്കാനായി വിളിച്ചത്. ഉടനെ അവർ വല വിട്ടേച്ച് അവനെ അനുഗമിച്ചു (മത്തായി 4:18-20)

''എന്റെ പിന്നാലെ വരുവിൻ'' എന്നുള്ള കർത്താവിന്റെ വിളി കേട്ടുകഴിഞ്ഞാൽ പിന്നെ അനുസരണമല്ലാതെ ഒന്നും ആവശ്യമില്ല. കർത്താവ് വേറൊന്നും പ്രതീക്ഷിക്കുന്നുമില്ല. അപ്പൊസ്തലനായ പൗലൊസ് പറയുന്നത് "എന്റെ ജനനം മുതൽ എന്നെ വേർതിരിച്ചു തന്റെ കൃപയാൽ വിളിച്ചിരിക്കുന്ന ദൈവം തന്റെ പുത്രനെക്കുറിച്ചുള്ള സുവിശേഷം ഞാൻ ജാതികളുടെ ഇടയിൽ അറിയിക്കേണ്ടതിന് അവനെ എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചപ്പോൾ ഞാൻ മാംസരക്തങ്ങളോട് ആലോചിക്കുകയോ എനിക്ക് മുമ്പെ അപ്പൊസ്തലന്മാരായവരുടെ അടുക്കൽ യെരുശലേമിലേക്ക് പോകയോ ചെയ്തില്ല" എന്നാണ് (ഗലാ. 1:15-16). അനുസരണത്തിന്റെ സന്തോഷവും സംതൃപ്തിയും അനുഭവിച്ചവർക്കേ അറിയാവൂ.

കർത്താവിന്റെ വലിയ നിയോഗത്തിന്റെ (Great commission) "വ്യാപ്തി" നാം കാണുന്നത് മർക്കൊസിന്റെ സുവിശേഷത്തിലാണ്. ലോകത്തിലൊക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കണം എന്നാണത് (മർക്കൊസ് 16:15).

യോഹന്നാന്റെ സുവിശേഷത്തിൽ "എന്തുകൊണ്ട്" എന്നുള്ള ചോദ്യത്തിന് ഉത്തരം ലഭിക്കുന്നു. ശിഷ്യന്മാർ യഹൂദന്മാരെ പേടിച്ച് വാതിൽ അടച്ച് മുറിക്കുള്ളിലാണ്. യേശു മുറിക്കുള്ളിൽ കടന്നുവന്നു "നിങ്ങൾക്കു സമാധാനം" എന്നു പറഞ്ഞു. തന്റെ കയ്യും വിലാപ്പുറവും അവരെ കാണിച്ചു. വീണ്ടും അവർക്ക് സമാധാനം എന്നു പറഞ്ഞു. പിതാവ് എന്നെ അയച്ചതുപോലെ, അതായത് ചെന്നായ്ക്കളുടെ ഇടയിൽ ആടുകളെപ്പോലെ അവരെ അയയ്ക്കുന്നു എന്നു പറഞ്ഞു (യോഹ 20:19-21). സമാധാനമില്ലാത്ത ലോകത്തിൽ സമാധാനം അറിയിക്കുവാൻ നിയോഗിക്കപ്പെട്ടവരാണ് ക്രിസ്തുശിഷ്യന്മാർ.

കർത്താവ് തർസൊസിലെ ശൗലിനെ വിളിച്ചു (അ.പ്ര. 9:5-6). ഈ അപ്പൊസ്തലനെ കർത്താവ് വിളിച്ചപ്പോൾ ഉടനെ സമർപ്പണവും പിന്നീട് ഓരോ അവസരത്തിലും തുടർമാനമായ സമർപ്പണവുമായിരുന്നു അഗ്രിപ്പാ രാജാവെ ഞാൻ സ്വർഗ്ഗീയ ദർശനത്തിന് അനുസരണക്കേടു കാണിച്ചില്ല എന്ന് അവസാനം പറയുവാൻ അദ്ദേഹത്തിന് കഴിഞ്ഞു (അ.പ്ര. 26:19). തന്റെ നിയോഗത്തെക്കുറിച്ച് ആദ്യമെ തന്നെ സകലതും പറയാതെ പൗലൊസിനെ പടിപടിയായി നടത്തുകയാണ് കർത്താവു ചെയ്തത്. ജീവിതത്തിലെ ഒരു തലത്തിലുള്ള അനുസരണം മറ്റു തലങ്ങളിലേക്ക് വെളിച്ചം വീശുവാൻ വഴി തെളിക്കുന്നു.

"മുന്നിലൊരു ചോടു വയ്പ്പാൻ മാത്രമിട കാണുന്നു ഞാൻ. ആയതു മതിയെനിക്കു ശേഷമെല്ലാം ദൈവഹിതം, അടുത്ത ചോടറിയാതെയിരിപ്പതെന്തനുഗ്രഹം, തനിച്ചെന്നെ നടത്താതെ വലത്തുകൈ പിടിക്കും താൻ" എന്ന് കവി പാടിയത് എത്രയോ സത്യം.

പഴയനിയമത്തിൽ ദൈവം അബ്രഹാമിനെ വിളിച്ചതിൽ നാം കാണുന്നത് വിശ്വാസത്തിന്റെ പ്രമാണമാണ്. മോശെയുടെ കാര്യത്തിൽ നാം കാണുന്നത് നേതൃത്വത്തിന്റെ പ്രമാണമാണ്.

യെശയ്യാവിന്റെ ജീവിതത്തിൽ വിശുദ്ധിയുടെ പ്രമാണമാണ് മുന്നിൽ. എന്നാൽ ഏലിശയുടെ കാര്യത്തിലാണ് ശിഷ്യത്വത്തിന്റെ പ്രമാണം പൂർണ്ണമായി ചിത്രീകരിച്ചിരിക്കുന്നത്. രാജാക്കന്മാരുടെ പുസ്തകങ്ങളിൽ ഏലിശയുടെ കഥ നാം വായിക്കുന്നു. യിസബേലിനെ ഭയപ്പെട്ട് ഏലിയാവ് ഓടിപ്പോയപ്പോൾ അവന്റെ ശുശ്രൂഷ അവസാനിച്ചു. ''ആബേൻ - മെഹോലയിൽ നിന്നുള്ള സാഫാത്തിന്റെ മകനായ ഏലിശയെ നിനക്കു പകരം പ്രവാചകനായിട്ട് അഭിഷേകം ചെയ്യുകയും വേണം" എന്ന് യഹോവ ഏലിയാവിനോടു കല്പിച്ചു (1 രാജാ. 19:19-21). ശിഷ്യത്വത്തിൽ ഭയത്തിന് സ്ഥാനമില്ല. ഗുരുവിനെപ്പോലെ ആകുന്നത്

ശിഷ്യനു മതി (മത്തായി 10:25). ഗുരു കൂടെയുണ്ടെങ്കിൽ പിന്നെ ഭയമെന്തിന്?

ഏലീശാ ധനികനായിരുന്നു. അവൻ അഭിമുഖീകരിച്ച ആദ്യത്തെ പരിശോധന സ്വന്ത ഭവനത്തിൽ നിന്നായിരുന്നു. ഇവിടെ നാം പഠിക്കുന്ന ആദ്യത്തെ പാഠം ഭാഗീകമായ വിശ്വസ്തത ശിഷ്യത്വത്തിന് തടസ്സമാണ് എന്നുള്ള സത്യമാണ്. കാളയും മരക്കോപ്പുമെല്ലാം അവന്റെ ജീവിത സന്ധാരണത്തിനുള്ള മാർഗ്ഗവും അവന്റെ ധനവുമാണ്. ഏലിശാ വീട്ടിൽ ചെന്ന് ഒരു ഏർകാളയെ പിടിച്ചു അറത്ത് കാളയുടെ മരക്കോപ്പുകൊണ്ട് മാംസം പാകം ചെയ്ത് ജനത്തിനു കൊടുത്തു. പിന്നെ അവൻ എഴുന്നേറ്റ് ഏലിയാവിന്റെ പിന്നാലെ ചെന്നു (1 രാജാ. 19:21). തന്റെ ഭവനത്തോടും വേലയോടുമാണ് അവൻ വിട ചൊല്ലിയത്.

അടുത്തതായി ഏലിശയെ നാം കാണുന്നത് ഗിൽഗാലിലാണ് (2 രാജ 2:2). തന്റെ യജമാനനെ യഹോവ സ്വർഗ്ഗത്തിലേക്ക് എടുക്കുമെന്ന് അവൻ അറിഞ്ഞു. ഏലിശയോട് ഗിൽഗാലിൽ തങ്ങുവാൻ ഏലിയാവ് നിർദ്ദേശിച്ചു. പക്ഷേ വിശ്വസ്തതയോടെ അവൻ തന്റെ യജമാനനെ ബെഥേൽ വരെ പിൻതുടർന്നു. അവിടെവെച്ചുള്ള പരിശോധന തന്റെ കൂട്ടുകാരനിൽ നിന്നായിരുന്നു. ബെഥേലിൽ താമസിച്ചുകൊള്ളുവാനാണ് ഏലിയാവ് അവനോടു പറഞ്ഞത്. ബെഥേലിൽ പ്രവാചകശിഷ്യന്മാരുണ്ട്. വേണമെങ്കിൽ അവരുടെ നേതാവായി കഴിയാം. പക്ഷേ ഏലിശാ ആ പരീക്ഷയിലും ജയിച്ചു. അവൻ യജമാനനെ പിൻതുടർന്നു. അവൻ യെരിഹോവിലെത്തി. യോർദ്ദാൻ കടക്കണം. യെരിഹോവിലുമുണ്ട് പ്രവാചക ശിഷ്യന്മാർ.

യോർദ്ദാൻ മരണത്തിന്റെ നിഴലാണ്. സ്വയമാണ് പലപ്പോഴും നമ്മുടെ എതിരാളി. സ്വയം മരിക്കണം തന്നെത്താൻ ത്യജിച്ചു വേണം കർത്താവിനെ അനുഗമിപ്പാൻ. യോർദ്ദാനിൽ വെച്ചും തന്റെ യജമാനനെ വിട്ടു പിരിയുവാൻ ശിഷ്യന് മനസ്സായില്ല. ശിഷ്യന്മാർ ഗുരുവിൽ നിന്ന് പഠിക്കണമെങ്കിൽ അവനെ ഇടവിടാതെ പിൻതുടരണം. ഏലിശാ ഇതു ചെയ്തു. അവന്റെ ക്ഷമയുടെ പരിശോധനയാണിത്. യോർദ്ദാനക്കരെയും പരിശോധന തുടർന്നുകൊണ്ടിരുന്നു. എങ്കിലും ശിഷ്യൻ യജമാനനോടുകൂടെത്തന്നെയായിരുന്നു.

പരിശോധനയിൽ തളരാതെ തന്നോടുകൂടെ നിന്ന ശിഷ്യൻ വിശ്വസ്തനെന്ന് ഗുരു കണ്ടു. “ഞാൻ നിങ്കൽ നിന്ന് എടുത്തുകൊള്ളപ്പെടും മുമ്പെ ഞാൻ നിനക്ക് എന്തു തരേണം” എന്ന് ഏലിയാവ് തന്റെ ശിഷ്യനോടു ചോദിച്ചു. “നിന്റെ ആത്മാവിന്റെ ഇരട്ടി പങ്ക് എന്റെ മേൽ വരുമാറാകട്ടെ” എന്നായിരുന്നു ശിഷ്യന്റെ അപേക്ഷ. അത് അവനു ലഭിച്ചു. “ഞാൻ നിങ്കൽ നിന്ന് എടുത്തുകൊള്ളപ്പെടുമ്പോൾ നീ എന്നെ കാണുന്നുവെങ്കിൽ നിനക്ക് അങ്ങനെ ഉണ്ടാകും” എന്നുത്തരം ലഭിച്ചു. ശിഷ്യൻ ഗുരുവിനെ അനുഗമിക്കണമെന്നുള്ളത് അന്നുമിന്നുമുള്ള അതിപ്രധാനമായ പ്രമാണമാണ്. വഴിയിൽ വെച്ച് ഇടത്തോട്ടോ വലത്തോട്ടോ മാറരുത്. ഭവനം, സുഖം, കൂട്ടുകാർ, സ്ഥാനമാനങ്ങൾ ഇവയെല്ലാം ഒരു പക്ഷേ നല്ലതാണെങ്കിലും ഇവയൊന്നും ശിഷ്യത്വത്തിന് തടസ്സമായിരിക്കരുത്. വിളി കേട്ടിറങ്ങിയ എത്ര പേർ വഴിയിൽ വീണുപോയി. തന്റെ യജമാനനെ യഹോവ തന്നിൽ നിന്ന് വേർപിരിക്കുന്നതും യിസ്രയേലിന്റെ തേരും തേരാളികളേയും അവൻ കണ്ടു. തന്റെ യജമാനന്റെ ശുശ്രൂഷ കഴിഞ്ഞപ്പോൾ ദൈവം അവനെ വിളിച്ച് സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയി. ഇപ്പോൾ ശിഷ്യന്റെ ഊഴമാണ്. ഏലിയാവിന്റെ പുതപ്പ് അവന്റെ മേൽ വീണു. മടങ്ങി വരവിൽ വീണ്ടും യോർദ്ദാൻ കടക്കണം. ഇരട്ടി പങ്കു ലഭിച്ചുവോ? അത് ലഭിക്കുവാൻ തക്ക വിശ്വാസം അവനുണ്ടോ? അത് പരീക്ഷിക്കപ്പെടുന്ന അവസരമാണ് തിരിച്ചുവരവ്. ഏലിശാ ജയിച്ചു അവൻ ശുശ്രൂഷ തുടങ്ങുകയായി.

ഒരാൾ പറഞ്ഞതുപോലെ “ഒരുവന് ദൈവം കൃപാവരങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ അത് ഉപയോഗിക്കുവാനുള്ള അവസരവും നല്കും”

ധൈര്യമാണ് നൽകിയതെങ്കിൽ ആപത്ത് നമ്മെ എതിരിടും. വിശ്വാസം ലഭിച്ചെങ്കിൽ സംശയമായിരിക്കും മുൻപിൽ. ജ്ഞാനമാണെങ്കിൽ വിഢിത്തം പ്രവർത്തിക്കുവാനുള്ള പരിശോധന. ഏലീശ ഇവിടെ ജയാളിയായി. ഏലിയാവിന്റെ പുതപ്പുമായി ശിഷ്യൻ യോർദ്ദാൻ കടന്നു.

ദൈവം വിളിച്ച ശിഷ്യൻ തന്റെ പാഠങ്ങൾ പഠിച്ചു ഇപ്പോൾ ശുശ്രൂഷയ്ക്ക് തയ്യാറായിരിക്കുന്നു. (തുടരും)

**35-ാമത് പുതുപ്പാടി ബ്രദറൺ കൺവൻഷൻ**

സ്ഥലം : ബ്രദറൺ സഭാഹാളിനു മുൻവശം തയ്യാറാക്കുന്ന പന്തൽ

തീയതി : 2010 ഫെബ്രു. 9 - 14 വരെ

സമയം : എല്ലാദിവസവും വൈകിട്ട് 6.00 - 9 വരെ

പ്രസംഗകർ : ഏബ്രഹാം ചെമ്പോല, സജീവ് വർഗീസ്.

ഗാനശുശ്രൂഷ : ഷാജു അഞ്ചൽ

ദൈവവചന കേൾവിക്കായി ജാതിമതഭേദമെന്യേ ഏവരേയും കർത്തൃനാമത്തിൽ ക്ഷണിക്കുന്നു. എന്ന് സഭയ്ക്കു വേണ്ടി എം.ഐ. തോമസ്, വി.യു. തോമസ്.

# പ്രായോഗിക ക്രിസ്തീയ ജീവിതം -4

**തോമസ് ഏബ്രഹാം, അറ്റ്ലാന്റാ**

**പുതിയ ജീവിതം**

പുതുതായി ജനിച്ചവർക്കു മാത്രമെ പുതിയ ജീവിതം നയിപ്പാൻ സാധിക്കയുള്ളൂ. ജീവനും ജീവിതവും തമ്മിൽ വ്യത്യസ്തമാണ്. ജീവനുള്ളവനെ പ്രവൃത്തിപ്പാൻ സാധിക്കൂ. ജീവൻ ഒരിക്കലായി പ്രാപിക്കുന്നു. അതു ആത്മജീവനാണ്. ആത്മജീവൻ ലഭിച്ചതിലൂടെ ആത്മാവിന്റെ രക്ഷ പൂർണ്ണമായി. പ്രവൃത്തി കൂടാതെയാണ് ഈ ജീവൻ നാം പ്രാപിച്ചത്. ജീവിതത്തിന്റെ ആധാരം ജീവനാണ്. ജീവൻ പ്രാപിക്കുന്നതു പെട്ടന്നു സംഭവിക്കുന്നു. എന്നാൽ ജീവിതം അപ്പോൾ ആരംഭിച്ചു തുടങ്ങുന്നതെയുള്ളൂ. ജീവനിൽ നിന്നു ജീവിതം തുടങ്ങുന്നു. ജീവൻ പ്രാപിപ്പാൻ പ്രവൃത്തി ആവശ്യമില്ലങ്കിലും ജീവിതം പ്രവൃത്തിനിരതമാണ്. അതു ശാരീരിക മരണംവരെയോ കർത്താവിന്റെ വരവുവരെയോ തുടരുന്നു. പ്രവൃത്തി കൂടാതെ ജീവിപ്പാൻ സാധിക്കുകയില്ല. ജീവൻ ഉണ്ട് എന്ന അവസ്ഥ ജനിക്കുമ്പോൾ ഉണ്ടാകുന്നു. സമൃദ്ധിയായ ജീവൻ ജീവതത്തിലൂടെ ലഭ്യമാകുന്നു.

ജീവനുണ്ടെങ്കിലും പ്രവൃത്തിക്കാത്തവരെ സംബന്ധിച്ചു നാം വായിക്കുന്നത് "ജീവനു ള്ളവൻ എന്നു നിനക്കു പേരുണ്ടങ്കിലും നീ മരിച്ചവനാകുന്നു, ഉണർന്നു കൊൾക; ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്ക; ഞാൻ നിന്റെ പ്രവൃത്തി എന്റെ ദൈവത്തിന്റെ സന്നിധിയിൽ പൂർണ്ണതയുള്ളതായി കണ്ടില്ല.'' (വെളി.3:1,2). ഇവിടെ പ്രവൃത്തി പൂർണ്ണതയുള്ളതായി കാണാത്ത ഒരുവന്റെ സ്ഥിതിയെക്കുറിച്ചാണ് പറയുന്നത്. അവൻ മരിച്ചവനാകുന്നു; ചാവാറായ ശേഷിപ്പാകുന്നു; ആകയാൽ ഉണർന്ന് പ്രവൃത്തിക്കേണ്ട ആവശ്യം ഉണ്ട്. കർത്താവിന്നു പ്രസാദകരമായതു എന്തെന്നു പരിശോധിച്ചുകൊണ്ടു വെളിച്ചത്തിലുള്ളവരായി നടക്കണം. സകല സൽഗുണവും നീതിയും സത്യവുമാണ് വെളിച്ചത്തിന്റെ ഫലം. ഇരുട്ടിന്റെ നിഷ്ഫല പ്രവൃത്തികളിൽ കൂട്ടാളികളാകാതെ വെളിച്ചത്തിന്റെ സൽപ്രവൃത്തികളിൽ നിരതരായിരിക്കണം. "അതുകൊണ്ട് ഉറങ്ങുന്നവനെ, ഉണർന്നു മരിച്ചവരുടെ ഇടയിൽ നിന്നു എഴുന്നേല്ക്ക എന്നാൽ ക്രിസ്തു നിന്റെ മേൽ പ്രകാശിക്കും" (എഫെ.5:14) ആകയാൽ ജ്ഞാനികളായിട്ട് സമയം തക്കത്തിൽ ഉപയോഗിച്ചു കൊണ്ട് കർത്താവിന്റെ ഇഷ്ടം ഇന്നതെന്ന് ഗ്രഹിച്ചു പ്രവൃത്തിക്കുന്നവരാകണം. "ആകയാൽ നാം ശേഷം ഉള്ളവരെപ്പോലെ ഉറങ്ങാതെ ഉണർന്നു സുബോധമായിരിക്ക." (1തെസ്സ.5:6). നാം രക്ഷ പ്രാപിപ്പാൻ നിയമിക്കപ്പെട്ടവരാകയാൽ പ്രവൃത്തിക്കുന്നവരായിരിക്കണം. അങ്ങനെ ജയിക്കുന്നവൻ വെള്ളയുടപ്പു ധരിക്കും അത് അവന്റെ നീതി പ്രവൃത്തികളെ കാണിക്കുന്നു. അവന്റെ പേർ പിതാവിന്റെ സന്നിധിയിലും ദൂതന്മാരുടെ മുമ്പിലും കർത്താവു ഏറ്റു പറയും. ''അവന്റെ പേർ ജീവപുസ്തകത്തിൽ നിന്നു മായിച്ചു കളയാതെ" ഏറ്റു പറയും. വിശ്വാസികളുടെ പേർ സ്വർഗ്ഗത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതായി വായിക്കുന്നുണ്ട് (ലൂക്കൊസ് 10:20). ഫിലി. 4:3-ൽ ജീവപുസ്തകത്തിൽ പേരുള്ള ക്ലേമന്ത് മുതലായ എന്റെ കൂട്ടുവേലക്കാർ എന്നു കാണുന്നു. അവിടെ പറയുന്നതിന്റെ ആശയം രക്ഷിക്കപ്പെട്ടവർ എന്ന അർത്ഥത്തില്ലല്ല, പിന്നെയോ സുവിശേഷ ഘോഷണത്തിൽ പോരാടുകയും അദ്ധ്വാനിക്കയും പ്രവൃത്തിക്കയും ചെയ്യുന്നവർ എന്നാണ്. അതാണ് വെളി.3:6ലും പറയുന്നത്. അങ്ങനെ പ്രവൃത്തി ചെയ്യാതെ മരിച്ചു കിടക്കുന്ന കൂട്ടർ ആകാതെ ജീവിച്ചു വിശുദ്ധ ജീവിതവും സൽപ്രവൃത്തി ചെയ്തും കഴിയുന്നവർ സർദ്ദിസ് സഭയിൽ ഉണ്ടായിരുന്നു. അവരുടെ പേർ ജീവപുസ്തകത്തിൽ ഉണ്ട്. എന്നാൽ ശേഷമുള്ളവരും ജീവിച്ച് അഥവാ ഉണർന്ന് പ്രവൃത്തിനിരതരാകണം. അവരുടെ പ്രവൃത്തികൾ മായിക്കപ്പെടാതെ പ്രശംസിക്കപ്പെടും.

വിശ്വാസികൾക്ക് അവരുടെ വിശ്വാസ ത്തിനനുസരിച്ച് പ്രവൃത്തി ആവശ്യമാണ്. പൗലൊസ് അപ്പൊസ്തലൻ തെസ്സലോനി ക്യയിലുള്ള വിശ്വാസികളുടെ വിശ്വാസത്തിന്റെ വേലയും സ്നേഹ പ്രയത്നവും കർത്താവായ യേശു ക്രിസ്തുവിനെക്കുറിച്ചുള്ള പ്രത്യാശയുടെ സ്ഥിരതയും ഓർത്ത് ദൈവത്തിനു സ്തോത്രം ചെയ്യുന്നു (1 തെസ്സ. 1:2-4). നമ്മുടെ വിശ്വാസത്തെ ദൈവത്തിനു കാണുവാൻ കഴിയും. കാരണം അവൻ ഉൾപ്പുകളേയും ഹൃദയങ്ങളേയും ആരായുന്നവനാണ്. എന്നാൽ മറ്റ് മനുഷ്യർക്ക് നമ്മുടെ വിശ്വാസത്തെ അളക്കുവാനോ അറിയുവാനോ പ്രവൃത്തി കൂടാതെ സാധിക്കയില്ല. വിശ്വാസത്തെ മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുന്നതു പ്രവൃത്തിയിലൂടെയാണ്. സ്നേഹവും ഹൃദയത്തിൽ നിന്ന് ഉണ്ടാകുന്നതാണ്. അത് അറിയണമെങ്കിൽ പ്രവൃത്തി കൂടാതെ സാധിക്കയില്ല. സ്നേഹപ്രയത്നത്താൽ അത് മറ്റുള്ളവർക്ക് ബോദ്ധ്യപ്പെടും. പ്രത്യാശയുടെ കാര്യവും അങ്ങനെ തന്നെ. സ്ഥിരമായ പ്രത്യാശയുള്ളവനെ തിരിച്ചറിയുന്നത് പ്രത്യാശയിൽ നിന്ന് ഉളവാകുന്ന വാക്കുകളാലും പ്രവൃത്തികളാലുമാണ്. ആകയാൽ പ്രവൃത്തിക

ളാൽ നാം തമ്മിലുള്ള സ്വഭാവ ത്തേയും വിശ്വാസ ത്തേയും പുറമെ പ്രകടമാക്കേണ്ടതാണ്. അത് മറ്റു സഹവിശ്വാസികൾക്ക് പ്രയോജനപ്പെടുന്നത് അങ്ങനെയാണ്.

**ലംഘനം മറയ്ക്കുന്നവൻ**

ആദാം ചതിമോഹത്താൽ വഷളായിപ്പോയ മനുഷ്യനാണ്. ആദാം തന്റെ ലംഘനം മറച്ചു വച്ചു. ഇയ്യോബ് തന്നെക്കുറിച്ച് പറയുന്നത്: "ഞാൻ ആദാമിനെപ്പോലെ എന്റെ ലംഘനം മൂടി എന്റെ അകൃത്യം മാർവ്വിടത്തു മറച്ചുവെച്ചെങ്കിൽ (ഇയ്യോബ് 31:33). ആദാമിന്റെ ലംഘനം അഥവാ ഏകന്റെ ലംഘനം പാപഹേതുവായി തീർന്നു. ആദാമിന്റെ ലംഘനം എന്താണ്? തിന്നരുത് എന്നു കല്പിച്ച വൃക്ഷഫലം തിന്നു. കല്പന ലംഘിച്ചു. ആദാം ഈ പാപം ചെയ്തു എന്നു ദൈവത്തിനു നന്നായി അറിയാം. അങ്ങനെയിരിക്കെ ദൈവം തോട്ടത്തിലേക്ക് വന്നു ആദാമിനേയും ഹവ്വാ യേയും വിളിച്ചു ഒന്നും ചോദിക്കാതെ, നിങ്ങൾ കല്പന ലംഘിച്ചിരിക്കുന്നു എന്നു പറഞ്ഞ് തോട്ടത്തിൽ നിന്നും പുറത്താക്കാമായിരുന്നു. എന്നാൽ അങ്ങനെ ചെയ്യാതെ മാനസാന്തരത്തിനു അവർക്ക് ഇടം കൊടുത്തു. തിന്നരുത് എന്നു ഞാൻ കല്പിച്ച വൃക്ഷഫലം നീ തിന്നുവോ എന്നു ചോദിച്ചു. ആദാമിന്റെ കുറ്റം അവൻ തന്നെ ഏറ്റെടുക്കാനുള്ള ഉത്തരവാദിത്വം ഉണ്ട്. അവൻ ആ തെറ്റ് അംഗീകരിക്കേണ്ടിയിരുന്നു. എന്നാൽ ഉത്തര വാദിത്വത്തിൽ നിന്നും ആദാം ഒഴിഞ്ഞു മാറി. നീ എന്നോടുകൂടെ ഇരിപ്പാൻ തന്ന സ്ത്രീ വൃക്ഷഫലം തന്നു, ഞാൻ തിന്നു. സ്ത്രീയെ സൃഷ്ടിക്കുന്ന തിനു മുമ്പേ കല്പന ആദാമിന് ദൈവം നല്കി യതാണ്. അതിന്റെ ഉത്തരവാദിത്വം പൂർണ്ണമായി ആദാമിൽ നിക്ഷിപ്തമായിരുന്നു. ദൈവം സ്ത്രീ യോട് : നീ ഈ ചെയ്തത് എന്ത് എന്ന് ചോദിച്ചു. അവളും കുറ്റം ഏറ്റില്ല. അവൾ പാമ്പിന്റെ മേൽ കുറ്റം ചുമത്തി. പാമ്പ് എന്നെ വഞ്ചിച്ചു, ഞാൻ തിന്നുപോയി എന്നു പറഞ്ഞു. "ആദാം അല്ല, സ്ത്രീ അത്രെ വഞ്ചിക്കപ്പെട്ടു ലംഘനത്തിൽ അകപ്പെട്ടത്" (1 തിമൊ.2:14) ഹവ്വായും ലംഘ നത്തിൽ അകപ്പെട്ടു. ഇരുവരും തങ്ങൾ ചെയ്ത തെറ്റ് അംഗീകരിക്കാതെ ഒഴിഞ്ഞുമാറി. "തന്റെ ലംഘനങ്ങളെ മറെക്കുന്നവനു ശുഭം വരികയില്ല. അവയെ ഏറ്റു പറഞ്ഞു ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും" (സദൃ.28:13). ആദാം അതു ചെയ്തില്ല. ആകയാൽ അവന്റെ പാപത്തിനു ക്ഷമ ലഭിച്ചില്ല.

ആദാമ്യ മനുഷ്യവർഗ്ഗത്തിന്റെ സ്വഭാവവും ഇതുതന്നെയാണ്. തന്റെ തെറ്റുകളെ അംഗീകരി ക്കാതെ ഒഴിഞ്ഞുകളയുന്ന മനുഷ്യൻ. മനുഷ്യൻ പാപിയാണെന്നു സമ്മതിക്കാതെ ശാപത്തി ലേക്കും നാശത്തിലേക്കും പോകുന്നു. ദൈവ ത്തോട് മറുത്തു നില്ക്കുന്നു. മത്സരിയായി തീരു ന്നു. എന്നാൽ പുതിയ സൃഷ്ടി അങ്ങനെയല്ല. പുതിയ മനുഷ്യൻ ദൈവാനുരൂപമായി സൃഷ്ടിക്ക പ്പെട്ടവനാണ്. ആദാമിന്റെ ഏക ലംഘനത്താൽ സകല മനുഷ്യർക്കും ശിക്ഷാവിധി വന്നതു പോലെ ഏകനീതിയാൽ യേശുക്രിസ്തുവിൽ സകലമനുഷ്യർക്കും ജീവകാരണമായ നീതികര ണവും വന്നു. യേശുക്രിസ്തു മുഖാന്തിരമുള്ള നീതികരണത്താൽ നമുക്ക് ജീവൻ ലഭിച്ചു. (റോമ.5:18). ദൈവാത്മാവുള്ള മനുഷ്യൻ പാപം ചെയ്താൽ അത് മറച്ചുവയ്ക്കാതെ ഏറ്റു പറ കയും കരുണ ലഭിക്കയും ചെയ്യും. ദാവീദു താൻ ചെയ്ത പാപത്തെക്കുറിച്ചു പറയുന്നതു ശ്രദ്ധി ക്കുക. "ഞാൻ എന്റെ പാപം നിന്നോട റിയിച്ചു, എന്റെ അകൃത്യം മറച്ചതുമില്ല. എന്റെ ലംഘന ങ്ങളെ യഹോവയോടു ഏറ്റുപറയും എന്നു ഞാൻ പറഞ്ഞു; അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചു തന്നു" (സങ്കീ.32:5). ഇവിടെ ദാവീദ് തന്റെ ലംഘനങ്ങളെ മറച്ചു വച്ചില്ല. അവൻ അതു സമ്മതിച്ച് ഏറ്റുപറഞ്ഞു. ദൈവം അവന്റെ ലംഘ നം ക്ഷമിച്ചും പാപം മായിച്ചും കളഞ്ഞു അതു കൊണ്ട് ദാവീദു പാടുന്നു : "ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയ മനുഷ്യൻ ഭാഗ്യവാൻ. യഹോവ അകൃത്യം കണക്കിടാതെയും ആത്മാ വിൽ കപടം ഇല്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ." ഈ ഭാഗ്യാവസ്ഥ വീണ്ടും ജനിച്ച് പുതിയ സൃഷ്ടിയായിതീർന്നവർക്കുണ്ട്.

അങ്ങനെ ഇപ്പോൾ നാം നമ്മെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാനത്തിനായി പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നു (കൊല.3:10). പഴയ പ്രാകൃത രൂപത്തിൽ നാം നാശയോഗ്യമായ കോപ പാത്രങ്ങൾ ആയിരുന്നു. നമ്മോട് ദീർഘ ക്ഷമ കാണിച്ചു നമ്മിൽ തന്റെ തേജസ്സിന്റെ ധനം വെളിപ്പെടുത്തേണ്ടതിന്നു നാം അവന്റെ തേജ സ്സിനായി മുന്നൊരുക്കിയ കരുണാപാത്രങ്ങളായി ഭവിച്ചു. ആകയാൽ നാം സകല അനീതിയും വിട്ട കന്നു യൗവന മോഹങ്ങളെ വിട്ടോടി നീതിയും വിശ്വാസവും സ്നേഹവും സഹവിശ്വാസികളോടു സമാധാനവും ഉള്ളവരായി യജമാനനു കൊള്ളാ കുംവിധം നല്ലവേലയ്ക്കു ഒക്കേയും ഒരുങ്ങിയി രിക്കുന്ന മാനപാത്രങ്ങളായി പരിലസിക്കണം (2 തിമൊ.2:21,22). ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. പഴയതു

# ക്രിസ്തു പഴയ നിയമത്തിൽ

A.M. SAMUEL, KOTTAYAM

**പു**തിയനിയമ കാലത്തു ജീവിച്ചിരുന്ന യഹൂദമത മേധാവികൾ പഴയനിയമം പഠിക്കുന്നതിൽ ബദ്ധശ്രദ്ധരായിരുന്നു. ദൈവ പ്രസാദത്തിനായും നിത്യജീവൻ പ്രാപിക്കുന്നതിനും ഇക്കാര്യത്തിൽ ഉണ്ടായിരുന്ന വ്യഗ്രത ആദരണീയമെങ്കിലും, മുഖ്യവിഷയം അവർക്ക് മനസ്സിലാക്കാൻ കഴിയാതെപോയി എന്നു പറയേണ്ടിയിരിക്കുന്നു. ഒരു ദിവസം ആ മുഖ്യവിഷയം അഥവാ വ്യക്തി അവരുടെ മുമ്പിൽ നിന്നുകൊണ്ടു പറയുകയാണ്: “നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ട് എന്നു നിങ്ങൾ നിരുപിക്കുന്നുവല്ലൊ; അവ എനിക്കു സാക്ഷ്യം പറയുന്നു” (യോഹ.5:39). ഈ വാക്കുകൾ ഇന്ന് നമ്മോടും സംസാരിക്കുന്നു. പഴയനിയമം വായിക്കയും പഠിക്കയും ചെയ്യുന്ന നാം അതിൽ ക്രിസ്തുവിനെ കാണുന്നുണ്ടൊ? ഈ വിഷയം അല്പം കൂടെ വിശദമാക്കാം.

**പ്രവചനം**

പഴയനിയമപ്രവചനങ്ങളിൽ നാം ക്രിസ്തുവിനെ ദർശിക്കുന്നു. വേദപഠിതാക്കൾക്ക് വ്യക്തമാകുന്ന ഒരു കാര്യം, തിരുവചനത്തിൽ ഭാവികാര്യങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങളെക്കാൾ ഊന്നൽ കൊടുത്തിരിക്കുന്നത് “ഒരു വ്യക്തി”യെ വരച്ചു കാണിക്കുന്നതിനാണ്, ചരിത്രത്തിന്റെയും സംഭവങ്ങളുടെയും വിശദീകരണം, “അവനെ” വർണ്ണിക്കുന്നതിൽ ഒതുങ്ങി നില്ക്കുന്നു ബൈബിളിൽ അത്യന്താപേക്ഷിതമെന്നു സാധാരണകാർക്കു തോന്നുന്ന വിവരങ്ങൾ പലതും വിട്ടുകളകയും അപ്രധാനമെന്നു ലോകം വിലയിരുത്തുന്ന കാര്യങ്ങൾ വിശദമായി പ്രസ്താവിക്കയും ചെയ്തിരിക്കുന്നത് ഇക്കാരണത്താലാണ്. ‘‘സ്വർഗ്ഗത്തിലും ഭൂമിയിലുള്ളതെല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായി ചേർക്ക എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ വ്യവസ്ഥയ്ക്കായിതന്നെ’’ അവ എഴുതപ്പെട്ടിരിക്കുന്നു (എഫെ.1:10). അതിന്റെ പൂർത്തീകരണത്തിനായി ലോകസംഭവഗതി വിഗതികളെ ദൈവം അനസ്യൂതമായി നീക്കികൊണ്ടുമിരിക്കുന്നു. വരുവാനുള്ള മശിഹയെപ്പറ്റിയുള്ള ദീർഘദർശനം പ്രവചനഭാഗങ്ങളിൽ മാത്രമല്ല, പഴയനിമയത്തിൽ ഉടനീളം നമുക്കു കാണുവാൻ കഴിയും. സ്ത്രീയുടെ സന്തതി (ഉല്പത്തി.3:15) മുതൽ നീതിസൂര്യൻ (മലാഖി 4:2) വരെ, വരുവാനുള്ളവനെക്കുറിച്ചുള്ള സൂചനകൾ പഴയനിയമ എഴുത്തുകാർ നമുക്കു തരുന്നുണ്ട്.

പഴയനിയമത്തിലെ പ്രവചനങ്ങളെ നമുക്കു രണ്ടായി തരംതിരിക്കാൻ കഴിയും. ഒന്നാം വരവിൽ, കഷ്ടമനുഭവിക്കുന്ന മശിഹായേയും രണ്ടാം വരവിൽ ലോകാധിപത്യം ഏറ്റെടുത്തുകൊണ്ട് രാജാവായി വാഴുന്ന മശിഹയേയും കാണുന്നു. ആദ്യവിഭാഗത്തിൽ തന്റെ ജനനം (യെശ.7:14, മീഖാ.5:2), ജീവിതം (ഹോശയാ 11:1), അവന്റെ സ്വഭാവവൈശിഷ്ട്യം (യെശ.42:1-4), ശുശ്രൂഷകൾ (യെശ.61:1-3), വിജയത്തോടെയുള്ള നഗരപ്രവേശനം (സെഖ.9:9). അവനെ തള്ളിക്കളഞ്ഞത് (യെശ.53:3-4), ഒറ്റിക്കൊടുത്തത് (സെഖ.11:12-13), ക്രൂശീകരണം (സങ്കീ.22), ഉയിർത്തെഴുന്നേല്പ് (സങ്കീ.16:10), സ്വർഗ്ഗാരോഹണം (സങ്കീ.68:18), തുടങ്ങിയവയും രണ്ടാമത്തേതിൽ - മഹാപീഡനം (യെശ.24), അവന്റെ മടങ്ങിവരവ് (സെഖ.14:3-8), ന്യായവിസ്താരം (യെഹ.20: 34-38), തന്റെ ഭരണം (സങ്കീ.72) തുടങ്ങിയവയും ഉൾപ്പെടുന്നു. മശിഹാസങ്കീർത്തനം എന്നറിയപ്പെടുന്ന വചനഭാഗങ്ങൾ (ഉദാ:സങ്കീ.2, 24,110 തുടങ്ങിയവ) നമ്മുടെ കർത്താവിന്റെ നിസ്തുല്യതയെ വർണ്ണിക്കുന്ന പ്രവചനങ്ങളാണ്.

ചുരുക്കത്തിൽ കർത്താവായ യേശുക്രിസ്തു തന്നെയാണ് വരുവാനുള്ള മശിഹ എന്നു ചൂണ്ടി കാണിക്കയും, അവന്റെ മഹത്വത്തെയും വലിപ്പത്തെയും വെളിപ്പെടുത്തുകയുമാണ് പഴയനിയമ പ്രവാചകന്മാർ ചെയ്യുന്നത്.

---

കഴിഞ്ഞു പോയിട്ട് അതു പുതുതായി തീരുന്നു. ഇതിനെല്ലാം കാരണഭൂതൻ ദൈവം തന്നെയാണ് എന്നാൽ പുതിയ സൃഷ്ടിയായ ശേഷം ജീവിതത്തോടുള്ള ബന്ധത്തിൽ നമ്മെതന്നെ നാം നിയന്ത്രിച്ച് ദൈവേഷ്ടത്തിനു ഏല്പിച്ചു കൊടുക്കണം. കാരണം; നാം സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുവേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു (എഫെ.2:10). നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിക്കണം എന്ന ഉത്തരവാദിത്വവും ബോധപൂർവ്വമായ ചിന്തയും നമുക്ക് അനിശം ഉണ്ടായിരിക്കേണ്ടതാണ്.

നീതികരണവും ശുദ്ധീകരണവും ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ കഴുകലിനാൽ ലഭിച്ചിരിക്കുന്നു. (1 കൊരി.6:11) പരിശുദ്ധാത്മാവാണ് വ്യക്തിയെ വീണ്ടും ജനിപ്പിക്കുന്നത് ശുദ്ധീകരണവും നീതികരണവും കൂടാതെ രക്ഷിക്കപ്പെടുവാൻ കഴിയുന്നതല്ല. (തീത്തൊസ് 3:4-8). (തുടരും)

**കർത്താവിന്റെ ദൂതൻ**

കർത്താവിന്റെ ദൂതൻ എന്ന നിലയിൽ ക്രിസ്തുവിന്റെ പ്രത്യക്ഷത നാം പഴയനിയമത്തിൽ കാണുന്നുണ്ട്. ദൈവത്തിനു അനേക പുത്രന്മാരുണ്ട്. എങ്കിലും "ദൈവപുത്രൻ" എന്ന പേരിന് അർഹനായി ഒരാൾ മാത്രമേയുള്ളൂ എന്നപോലെതന്നെ "കർത്താവിന്റെ ദൂതൻ" എന്നു വിളിക്കപ്പെടുന്നവൻ ഒരുവനേയുള്ളൂ. കർത്താവിന്റെ ദൂതൻ എന്നു പലപ്പോഴും പറയപ്പെടുന്നത് ദൈവം തന്നെയാണ് എന്നു നമുക്കു മനസ്സിലാക്കുവാൻ പ്രയാസമില്ല. ഉദാഹരണത്തിന്, ഹാഗറിനോടു "കർത്താവിന്റെ ദൂതൻ" സംസാരിക്കുമ്പോൾ (ഉല്പ.16:7) അവൾ..." ദൈവമേ നീ എന്നെ കാണുന്നു എന്നു പേർ വിളിച്ചു" (വാ.13). മോശയ്ക്കു "കർത്താവിന്റെ ദൂതൻ" മുൾപ്പടർപ്പിൽ പ്രത്യക്ഷനാകുമ്പോൾ (പുറ.3:2) അതു യഹോവയായ ദൈവംതന്നെ ആയിരുന്നു എന്നു നാം വായിക്കുന്നു (വാ.4) വാസ്തവമായി ഈ ദൂതൻ യഹോവയുടെ സാന്നിദ്ധ്യം (സമ്മുഖദൂതൻ) യെശ.63:9 തന്നെ ആയിരുന്നു എന്നു നാം കാണുന്നു.

എന്നാൽ അവൻ പുത്രനാം ദൈവമാണെന്ന് എങ്ങനെ അറിയാൻ കഴിയും? ഒന്നാമത്, അവൻ പുത്രൻ എന്ന നിലയിൽ കീഴ്പ്പെട്ടിരിക്കുന്നതായി വായിക്കുന്നു (പുറ.23:20;1ദിന.21:9-17) രണ്ടാമത്, വചനം ജഡമായിത്തീർന്നു നമ്മുടെ ഇടയിൽ പാർത്തതോടുകൂടെ "കർത്താവിന്റെ ദൂതന്റെ" പ്രത്യക്ഷത നിലച്ചുപോയതായി കാണുന്നു. മൂന്നാമതായി "കർത്താവിന്റെ ദൂതൻ" അവകാശപ്പെടുന്ന പേരുകളിൽ ഒന്നായ ''അത്ഭുതം'' (wonderful ന്യായ.13:18; യെശ.9:6). ക്രിസ്തുവിന്റെ നാമം ആണ് ഒടുവിലായി "കർത്താവിന്റെ ദൂതൻ" വെളിപ്പെടുന്നത് ദൈവത്തിന്റെ പ്രത്യക്ഷതയായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പിതാവിനെ വെളിപ്പെടുത്തുന്നത് പുത്രനാണെന്ന് യോഹ.1:18, കൊലൊ.1:15, എബ്രാ.1:3 എന്നീ ഭാഗങ്ങളിൽ നാം വായിക്കുന്നു.

ഇതിന്റെയെല്ലാം വെളിച്ചത്തിൽ നമുക്കു മനസ്സിലാക്കാൻ കഴിയുന്നത്, കർത്താവു തന്റെ മനുഷ്യാവതാരത്തിനു മുമ്പ് ''കർത്താവിന്റെ ദൂതൻ" എന്ന നിലയിൽ ലോകത്തിൽ വെളി പ്പെട്ടിരുന്നു എന്നത്രെ. ഈ വെളിപ്പെടു ത്തലുകളെല്ലാംതന്നെ താൻ ഇന്നു ചെയ്തു കൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ ഒരു ചിത്രം കൂടെ നമുക്ക് തരുന്നുണ്ട്. അവൻ ഇപ്പോഴും നമ്മെ കാണുന്ന ദൈവമാണ് (ഉല്പത്തി.16:13). വഴിയിൽ നമ്മെ കാക്കേണ്ടതിന്നും താൻ നിയമിച്ച സ്ഥലത്തേക്കു കൊണ്ടുപോകേണ്ടതിന്നും അയയ്ക്കപ്പെട്ടവനാണ് (പുറ.33:20). സകല ദോഷങ്ങളിൽ നിന്നും വിടുവിച്ചു നമ്മെ അനുഗ്രഹിക്കുന്ന ദൂതനാണ് (ഉല്പത്തി. 48:16).

**കർത്താവ്**

പഴയനിയമത്തിൽ ദൈവത്തെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്ന കാര്യങ്ങളെല്ലാംതന്നെ പുത്രനെക്കുറിച്ചും അന്വർത്ഥമാണെന്നു മനസ്സിലാക്കുവാൻ കഴിയും. ക്രിസ്തുവിന്റെ ദൈവത്വത്തെ വളരെ വ്യക്തമായിത്തന്നെ പഴയനിയമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവൻ വീരനാം ദൈവമാണ് (യെശ.9:6). ദൈവത്തിന്റെ സകല സമ്പൂർണ്ണതയും അവനിൽ ദേഹരൂപമായി വസിക്കുന്നു (കൊലൊ. 2:9). പഴയനിയമത്തിൽ, പിതാവാം ദൈവത്തെയും പരിശുദ്ധാത്മാവിനെയും കുറിച്ചുള്ള പഠിപ്പിക്കലുകളുടെ അതേ അളവിലും പ്രാധാന്യത്തോടെയും പുത്രനാം ദൈവത്തെ കർത്താവിനെക്കുറിച്ചും കാണുന്നു.

**യാഹ്വെ എന്ന പേര് ക്രിസ്തുവിന്നും** വിളിച്ചിരിക്കുന്നു. അവൻ : ഞാൻ "ആകുന്നവൻ ഞാൻ ആകുന്നു" (പുറ.3:14; യോഹ.8:58). അവൻ ആദ്യനും അന്ത്യനും ആകുന്നു. (യെശ.44:6; വെളി.1:17). അവൻ "ദേവാധിദേവനും കർത്താധി കർത്താവുമാണ്" (ആവ.10:7; വെളി.19:16).

**യാഹ്വെയുടെ പദവികൾ ക്രിസ്തുവിനും ഉണ്ട്.**

അവൻ നല്ല ഇടയനാകുന്നു (സങ്കീ. 23, യോഹ.10:11, എബ്രാ.13:20, 1 പത്രൊ.5:4). അവൻ രാജാവാണ് (യിര.23:5-6, യോഹ.1:49,12:13).

**യാഹ്വെ ചെയ്യുന്ന പ്രവൃത്തികൾ ക്രിസ്തുവും ചെയ്യുന്നു.** അവൻ സൃഷ്ടാവാണ് (യെശ.44:24; യോഹ.1:3). അവൻ പാപങ്ങളെ ക്ഷമിക്കുന്നു (യെശ.43:25; മർക്കൊസ് 2:5; ലൂക്കൊസ് 5:24). അവൻ ആരാധനാപാത്രമാണ് (പുറ.34:14; ആവ.6:13; മത്തായി 2:1-2;14:33;28:17).

**യാഹ്വെയ്ക്കുള്ള വിശിഷ്ട ഗുണങ്ങൾ ക്രിസ്തുവിലും കാണപ്പെടുന്നു.** അവൻ അനന്യനാകുന്നു. (സങ്കീ. 102:24-27; മലാഖി 3:6; എബ്രാ.1:10-12;13:8). അവൻ നിത്യനാകുന്നു (സങ്കീ.90:2; യെശ.9:6; മീഖ.5:2). സർവ്വശക്തനാകുന്നു. (യിര.32:17,27; മത്തായി. 28:18; വെളി.1:8).

**പേരുകൾ**

അവനു നല്കപ്പെട്ട പേരുകളിൽകൂടെ പഴയനിയമത്തിൽ ക്രിസ്തുവിനെക്കുറിച്ചു നാം പഠിക്കുന്നു. അവന് അതിശയം, ആലോ ചനക്കാ

രൻ, വീരനാം ദൈവം, നിത്യപിതാവു, സമാധാന പ്രഭു എന്ന് പേർ വിളിക്കപ്പെടും (യെശ.9:6). അവൻ നീതിയുള്ളൊരു മുളയും ബുദ്ധിയോടെ പ്രവർത്തിക്കുന്ന രാജാവുമാണ് (യിര.23:5). അവൻ ദാസൻ (സെഖ.3:8), ഒരു പുരുഷൻ (സെഖ.6:12), ദൈവം (യെശ. 4:2) എന്നിങ്ങനെ വായിക്കുന്നു. അവൻ യിസ്രായേലിന്റെ ദൈവവും, യിസ്ഹാക്കിന്റെ ഭയവും (ഉല്പത്തി.31:42), യാക്കോബിന്റെ പരിശുദ്ധനുമാണ് (യെശ.29:23). അവൻ ഇമ്മാനുവേലും (യെശ.7:14), നിയമദൂതനും (മലാഖി 3:1)കർത്താധി കർത്താവും (ദാനീ.8:25), യിസ്രായേലിന്റെ വീണ്ടെടുപ്പുകാരനും (യെശ.49:7), ജാതികളുടെ പ്രകാശവും (യെശ.42:6) ആണ്.

**ക്രിസ്തുവിന്റെ നിഴലുകൾ**

വസ്തുക്കളുടെ പ്രതിബിംബമാണല്ലൊ നിഴലുകൾ. അതിന്റേതായ പരിമിതികളും കുറവുകളും ഉണ്ടെങ്കിലും, വസ്തുക്കളെപ്പറ്റിയുള്ള ഒരു ഏകദേശധാരണ നിഴലുകളിൽ കൂടെ നമുക്ക് ലഭിക്കുന്നു. പഴയനിയമത്തിൽ ക്രിസ്തുവിനെ ചൂണ്ടി കാണിക്കുന്ന അനേകം നിഴലുകളും പ്രതിരൂപങ്ങളും ഉള്ളതായി കാണാം. അവ ഓരോന്നും പുത്രനായ ക്രിസ്തുവിന്റെ വിവിധ ഭാവങ്ങളെ വ്യക്തമാക്കുന്നവയാണ്.

**ക്രിസ്തുവിനെ പ്രതിനിധീകരിക്കുന്ന വ്യക്തികൾ**

ആദാം (റോമർ 5:14), മല്കിസദേക് (എബ്രാ.5:6), ഇസ്ഹാക്ക് (എബ്രാ.11:9), യോസേഫ് (പുത്രൻ, അടിമ, കഷ്ടത സഹിക്കുന്നവൻ, രക്ഷിതാവ്), അഹരോൻ (എബ്രാ.3:1), ബോവസ് (ചാർച്ചക്കാരനായ വീണ്ടെടുപ്പുകാരൻ) ദാവീദ് (വിശ്വസ്തനായ ഇടയൻ, രാജാവ്), ശലോമോൻ (ജ്ഞാനി, പ്രതാപവാനായ, സമ്പന്നനായ രാജാവ്), യോശുവ (യേശു എന്നതിന്റെ എബ്രായ രൂപം.)

**സ്ഥാനങ്ങൾ :** പൗരോഹിത്യം (എബ്രാ.5-8), ലേവ്യയാ ഗങ്ങൾ (എബ്രാ.9-10) സങ്കേത നഗരങ്ങൾ (എബ്രാ.6:18)

**ആചാരങ്ങൾ** : ശബ്ബത്ത് (കൊലൊ.2:16), പെസഹ (1കൊരി.5:7), ആദ്യഫലം (1 കൊരി.15:20).

**ഉപകരണങ്ങൾ, വസ്തുക്കൾ :** പിച്ചളസർപ്പം (യോഹ.3:14), പാറ (1കൊരി.10:4), കുഞ്ഞാട് (യോഹ.1:29), പെട്ടകം, സമാഗമന കൂടാരം.

**ഉപസംഹാരം**

തിരുവചനത്തിൽ പഴയനിയമത്തിനു വലിയ പ്രസക്തി ഇല്ലെന്നു എപ്പോഴെങ്കിലും ചിന്തിക്കാനിടയായിട്ടുണ്ടൊ? യാഥാർത്ഥ്യത്തിൽ നിന്നും എത്രയോ അകന്ന ഒരു ചിന്താഗതിയാകും അത്! നമ്മുടെ കർത്താവിനെ വെളിപ്പെടുത്തുന്ന ഒരു സ്വർണ്ണഖനിയാണത് എന്നറിഞ്ഞിരിക്കേണ്ടതാണ്. പഴയനിയമം വായിക്കാൻ ഭയപ്പെടുന്നുണ്ടോ? അതിലെ വിഷയങ്ങൾ അതീവ ഗഹനമായി തോന്നുന്നുവോ? അതൊരു 'അടഞ്ഞ' പുസ്തകമായി അനുഭവപ്പെടുന്നുണ്ടൊ? എങ്കിൽ, അതിന്റെ കാരണം, അതു തുറക്കുന്നതിനുള്ള താക്കോൽ കയ്യിലില്ല എന്നതാകാം.

ക്രിസ്തുവിൽ ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ടു നോക്കുമെങ്കിൽ പഴയനിയമത്തിന്റെ പൊരുളുകൾ കിട്ടാൻ പ്രയാസമുണ്ടാകയില്ല. പഴയനിയമം വായിക്കുമ്പൊഴൊക്കെയും ആ മൂടുപടം നീങ്ങാതെ ഇന്നുവരെ ഇരിക്കുന്നുവല്ലൊ. അതു ക്രിസ്തുവിൽ നീങ്ങിപ്പോകുന്നു (2 കൊരി.3:14,15).

എമ്മവുസ്സിലേക്കു പോകുന്ന വഴിയിൽ കർത്താവിനോടു കൂടെ ചേർന്നു നടക്കാനിടയായ 2 ശിഷ്യന്മാർക്ക് അവൻ മോശെ തുടങ്ങി സകല പ്രവാചകന്മാരിൽനിന്നും തിരുവെഴുത്തുകളിൽ തന്നെക്കുറിച്ചുള്ളത് വ്യാഖ്യാനിച്ചു കൊടുത്തപ്പോൾ അവരുടെ ഹൃദയം ഉള്ളിൽ കത്തിക്കൊണ്ടിരുന്നു (ലൂക്കൊസ് 27:27,32). ആയിരക്കണക്കിനു വർഷങ്ങൾ നാം പിന്നിട്ടു കഴിഞ്ഞെങ്കിലും ആ ദിവ്യഗുരു ഇപ്പോഴും നമ്മോടു ചേർന്നു നടക്കുന്നുണ്ട്. ഇന്നും തന്റെ ശിഷ്യന്മാർക്ക് അവൻ തിരുവചനം വെളിപ്പെടുത്തിക്കൊടുക്കുമ്പോൾ അവരുടെ ഹൃദയം ഉള്ളിൽ കത്തിക്കൊണ്ടിരിക്കുന്നു. ●

## പത്തനംതിട്ട ബ്രദ്റൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് ബിരുദദാന സമ്മേളനവും ബൈബിൾ പ്രഭാഷണവും

പത്തനംതിട്ട ബ്രദ്റൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബി. റ്റി. എച്ച് 12-ാം ബാച്ചിന്റെയും എം. റ്റി. എച്ച് 1-ാം ബാച്ചിന്റെയും ബിരുദദാന സമ്മേളനം ദൈവഹിതമായാൽ **2010 ഫെബ്രു. 21 ന്** ഞായറാഴ്ച രാവിലെ 10-നുള്ള സംയുക്ത സഭായോഗത്തിനു ശേഷം 2 മണിക്ക് പത്തനംതിട്ട സുവിശേഷാലയം ഓഡിറ്റോറിയത്തിൽ ഡോ. ഒ.എം. ശമൂവേലിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്നതായിരിക്കും. കൂടാതെ ഫെബ്രു. 19 വെള്ളി, 20 ശനി എന്നീ ദിവസങ്ങളിൽ വൈകിട്ട് 6-7. 30 വരെ ബി.ബി.ഐ ഓഡിറ്റോറിയത്തിൽ (ഇലന്തൂർ പരിയാരം) വിശ്വാസികൾക്കായി ക്രമീകരിച്ചിരിക്കുന്ന പ്രത്യേക യോഗങ്ങളിലേയ്ക്കും ഏവരേയും സ്വാഗതം ചെയ്യുന്നു. **ബ്രദർ മാത്യു തോമസ് (Senior Scientific Officer, Bhabha Atomic Research Centre, Tarapur)** ഈ യോഗങ്ങളിലെല്ലാം വചനശുശ്രൂഷ നിർവ്വഹിക്കുന്ന തായിരിക്കും.

**(എം. റ്റി. ജോർജ്ജ്, സെക്രട്ടറി)**

# യിസ്രായേലിന്റെ ദൈവമായ യഹോവയുടെ ചിറകിൻ കീഴെ ആശ്രയിച്ചു വന്നിരിക്കുന്ന നിനക്കു പൂർണ്ണ പ്രതിഫലം തരുമാറാകട്ടെ

**(രൂത്ത് 2:12)**

**Abraham K.Abraham, Thirvandrum**

നൊവാമിയും ഭർത്താവ് എലിമേലെക്കും, യെഹൂദ്യയിലെ ബേത്‌ലഹേമിൽ നിന്നുള്ള എഫ്രാത്യർ ആയിരുന്നു. "ബേത്‌ലഹേം" എന്നാൽ അപ്പത്തിന്റെ വീട് "എഫ്രാത്ത്" എന്നാൽ ഫലപുഷ്ടമായ മണ്ണ് എന്നാണ്. അവിടെനിന്നും ശത്രുരാജ്യമായ മോവാബ് ദേശത്തേക്കുള്ള അവരുടെ യാത്ര ദൈവഹിത പ്രകാരമല്ലായിരുന്നു.

ദൈവജനം പാപം ചെയ്തു ദൈവകല്പന ലംഘിക്കുമ്പോൾ ക്ഷാമം സാധാരണ ഗതിയിൽ ദൈവത്തിന്റെ ഒരു മുന്നറിയിപ്പാണ്. അപ്പത്തിന്റെ ഭവനത്തിലും ഫലപുഷ്ടിയുള്ള ദേശത്തും ദൈവത്തിനു ക്ഷാമം വരുത്തുവാൻ സാധിക്കും.

ദേശത്തു കഠിന ക്ഷാമം വന്നപ്പോഴാണു മുടിയൻ പുത്രനു സുബോധം വന്നു അപ്പന്റെ ഭവനത്തിലേക്കു മടങ്ങിപ്പോയത്. എന്നാൽ ഇവിടെ ക്ഷാമം വന്നപ്പോൾ ക്ഷാമത്തിൽ ക്ഷേമമായി പോറ്റാൻ കഴിയുന്ന ദൈവസന്നിധിയിലേക്ക് ചെന്ന് ദൈവഹിതം മനസ്സിലാക്കുന്നതിനു പകരം നൊവൊമിയും, എലീമേലെക്കും, ലോത്ത് ചെയ്തതുപോലെ ഒരു തെറ്റായ തിരഞ്ഞെടുപ്പു നടത്തി (ഉല്പത്തി 13:10,11).

സദൃശവാകൃത്തിൽ പറയുന്നതു "പൂർണ്ണ ഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്ത വിവേകത്തിൽ ഊന്നരുത് നിന്റെ എല്ലാ വഴികളിലും അവനെ (യഹോവയെ) നിനച്ചു കൊൾക; അവൻ നിന്റെ പാതകളെ നേരെയാക്കും" (സദൃ. 3:5,6). ഒരു നല്ല തിരഞ്ഞെടുപ്പു നടത്തുന്നതിൽ വിശ്വാസികൾക്കു എപ്പോഴും യോശുവാ ഒരു നല്ല മാതൃകയാണു : "ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും" (യോശു 24:15).

ദൈവഹിതപ്രകാരമുള്ള ക്ഷാമവും, വിശപ്പും ദൈവഹിത പ്രകാരമല്ലാത്ത സമൃദ്ധിയേക്കാൾ ആഗ്രഹിക്കതക്കതാണ്. ദൈവത്തിന്റെ വലിയ പ്രവാചകനായ ഏലീയാവിനെ ദൈവം എങ്ങനെ ക്ഷാമത്തിൽ പോറ്റി എന്നുള്ളതു ഈ അവസരത്തിൽ ചിന്തനീയമാണ്.

അല്പകാലത്തേക്കു മോവാബു ദേശത്തേക്കു പോയ അവരുടെ വാസം 2 പുത്ര ന്മാരുടെ വിവാഹം വരെ നീണ്ടുപോയി. എന്നാൽ എലീമെലേക്കും അവരുടെ 2 പുത്രന്മാരും മരിച്ചുപോയി. മനുഷ്യർക്ക് ക്ഷാമത്തിൽ നിന്നും ചിലപ്പോൾ രക്ഷപെടാൻ സാധിക്കും; എന്നാൽ മരണത്തിൽ നിന്നും ഒരിക്കലും രക്ഷപെടാൻ സാദ്ധ്യമല്ല.

ഇവിടെ ഒന്നാമതായി നൊവൊമി തന്റെ തിരഞ്ഞെടുപ്പിൽ ദൈവത്തോടു പാപം ചെയ്തു, രണ്ടാമതായി ഒരു യഹൂദാ സ്ത്രീയായ നൊവാമി തന്റെ 2 മരുമക്കളെ അവരുടെ ദേവന്റെ (കെമോശ്) അടുക്കലേക്ക് പോകുവാൻ നിർബന്ധിച്ചു, മൂന്നമാതായി അവളുടെ സകല ദു:ഖത്തിനും കാരണം സർവ്വശക്തനായ യഹോവ എന്നു പറഞ്ഞു (1:20,21). എന്നാൽ രൂത്തിനെ സംബന്ധിച്ചിടത്തോളം വളരെ ശ്രേഷ്ഠമായ ഒരു തിരഞ്ഞെടുപ്പു താൻ നടത്തി; അതിന്റെ ഫലമായി നന്മയും കരുണയും തന്റെ ആയുഷ്കാലമൊക്കെയും തന്നെ പിന്തുടർന്നു.

രൂത്ത് തന്റെ ഭർത്താവായ മഹ്ലോന്റെ മരണ ശേഷം തന്റെ അമ്മാവിയമ്മയായ നൊവൊമിയോടു ചെയ്തിരിക്കുന്നതും, തന്റെ അപ്പനേയും അമ്മയേയും സ്വദേശത്തെയും വിട്ടു, മുമ്പെ അറിയാത്ത ജനത്തിന്റെ അടുക്കൽ വന്നിരിക്കുന്നതുമായ പ്രവൃത്തിക്കു യഹോവ പകരം നൽകട്ടെ എന്നു പറഞ്ഞശേഷം ബോവസ് പ്രസ്താവിച്ച അനുഗ്രഹവാക്കാണു തലക്കെട്ടിൽ കൊടുത്തിരിക്കുന്നത് (2.12).

ഇവിടെ പുതിയനിയമ വിശ്വാസികൾക്കും ഒരു നല്ല പാഠം പഠിക്കുവാനുണ്ട്. യെഹൂദസ്ത്രീ ആയാലും മോവാബ്യസ്ത്രീ ആയാലും ദൈവത്തിൽ ആശ്രയിച്ചു നാം ചെയ്യുന്ന സൽപ്രവൃത്തികൾക്കു ദൈവം നിശ്ചയമായും പ്രതിഫലം നൽകുന്നവനാണ്. തീത്തോസിന്റെ ലേഖനത്തിൽ സൽപ്രവൃത്തിയോടുള്ള ബന്ധത്തിൽ 5 കാര്യങ്ങൾ കാണാൻ സാധിക്കും (2:7,14,3:1,8,14) അതിൽ അഞ്ചാമത്തെ കാര്യം, "സൽപ്രവൃത്തികൾക്കു മുമ്പരായിരിപ്പാൻ പഠിക്കട്ടെ! ഇതു ഓട്ടക്കളത്തിൽ ഓടുന്ന ഒരാളുടെ ചിത്രം ആണ്. അതായതു സൽപ്രവൃത്തിക്കു ഒരു അവസരം ലഭിച്ചാൽ വേറൊരാൾ അതു ചെയ്യുവാൻ കാത്തിരിക്കാതെ, ഒന്നാമനായി ഓടി അതു ചെയ്യുക എന്നാണതിന്റെ അർത്ഥം. സങ്കീർത്തനക്കാരൻ പറയുന്നതു, "യഹോവയിൽ ആശ്രയിച്ചു നന്മ ചെയ്ക, ദേശത്തു പാർത്തു വിശ്വസ്തത ആചരിക്ക" (സങ്കീ. 37:3).

രൂത്ത് വിശ്വാസത്തിൽ ഒരു ഇളയ സഹോദരി ആയിരുന്നു. എന്നാൽ അവൾക്കു ഒന്നു അറിയാമായിരുന്നു, അതായതു കൊയ്തു കാലത്തു അവൾക്കു വയലിൽ കാലാ പെറുക്കുവാൻ സാധിക്കും (ലേവ്യ.19:9,10); കൂടാതെ യിസ്രായേലിന്റെ ദൈവം വിധവയെയും, അനാഥനെയും കരുതുന്നവനാണു (പുറ.22:22).

# യേശു ക്രിസ്തു മുഖാന്തിരം നമുക്ക് ജയം

മാത്യു ഫിലിപ്പ് തിരുവനന്തപുരം

**ദൈ**വം തന്റെ മക്കൾക്ക് തന്നിൽ വിശ്വസിക്കുന്നവർക്ക് നല്കിയ ഏറ്റം വലിയ വാഗ്ദത്തമാണ് ജയം. പരാജയം അല്ല ഒരു വലിയ വിജയം. വെളിപ്പാടു പുസ്തകം 2,3 അദ്ധ്യായങ്ങളിൽ 7 സഭകളോടും ദൈവം നല്കുന്ന ഏറ്റം വലിയ ദൂതും, ഏറ്റം വലിയ വാഗ്ദത്തവും അതു തന്നെയാണ്. ജയിക്കുന്നവന് ലഭിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ച് 2:7,11,17,26,3:5,12,21 എന്നീ വാക്യങ്ങളിൽ കാണാവുന്നതാണ്. ഒരു വിശ്വാസിക്ക് തീർച്ചയായും ഒരു ജയം ഉണ്ട്. ആ ജയത്തിന് ഒരു അടിസ്ഥാനമുണ്ട്. അതു വിശ്വാസം ആണ് വിശ്വാസം ആണ് ദൈവവ്യവസ്ഥ. (1 തിമൊ.1:3). ഈ വിശ്വാസം ദൈവം ദാനമായി നല്കിയിരിക്കുന്നതാണ്. ദൈവമക്കൾ എന്ന ആ വലിയ പദവിക്ക് നമ്മെ യോഗ്യരാക്കിത്തീർക്കുന്നു. ഏറ്റം വലിയ ഘടകം വിശ്വാസം തന്നെയാണ്. എന്നാൽ ദൈവത്തെക്കുറിച്ചുള്ള ഒരു അറിവ് ഒരിക്കലും മനുഷ്യനെ ദൈവസന്നിധിയിൽ കൊണ്ടുചെന്ന് എത്തിക്കുന്നില്ല. സാത്താനെപ്പോലെ ദൈവത്തെ അറിയാവുന്ന ആരും ഇല്ല. ആ വെറും അറിവ് മനുഷ്യനെ ചീർപ്പിക്കുന്ന വസ്തുതയാണ്. എന്നാൽ നമ്മുടെ വിശ്വാസം ഉറച്ചതായിരിക്കണം. വിശ്വാസത്താൽ അടിസ്ഥാനപ്പെട്ട, എന്തു ഭൂകമ്പം വന്നാലും ഇളകാത്ത ഉറച്ച അടിസ്ഥാന വിശ്വാസം നമുക്കുണ്ടായിരിക്കണം. അതിനെ അടിസ്ഥാനപ്പെടുത്തിയാണ് നമ്മുടെ സ്വർഗ്ഗീയ പ്രവേശനം. കർത്താവായ യേശുക്രിസ്തുവിൽ ഉള്ള വിശ്വാസം ആണ് അടിസ്ഥന യോഗ്യത. നമ്മുടെ വിശ്വാസം എങ്ങനെയുണ്ട്? അടിയുറച്ച വിശ്വാസം നമുക്കുണ്ടോ? എന്തുകൊണ്ട് മാറ്റുരച്ചാലും നമ്മുടെ വിശ്വാസം വെന്തുപ്പോകുന്നതാണോ?

ലോക സംഭവങ്ങൾ കേൾക്കുമ്പോൾ, അത് അനുഭവിക്കുമ്പോൾ, നമ്മുടെ വിശ്വാസത്തെ പരിശോധിക്കുവാൻ ഇടയാകട്ടെ. നമ്മുടെ വിശ്വാസം മനസിലാക്കുന്നത് പ്രവൃത്തിയുടെ അടിസ്ഥാനത്തിലാണ്. വിശ്വാസം ഉണ്ട് എന്നു പറയുകയും പ്രവൃത്തിയിൽ അത് കാണാതിരിക്കുകയും ചെയ്താൽ ഒരു പ്രയോജനവുമില്ല. ദൈവമക്കളെ

---

രൂത്ത് 2:12ൽ അതിവിശുദ്ധ സ്ഥലത്തു കൃപാസനത്തെ ചിറകുവിടർത്തി മൂടുന്ന കെരൂബുകളുടെ ഒരു മങ്ങിയ ചിത്രം നമുക്കു കാണുവാൻ സാധിക്കും (പുറ.25:17–22). യിസ്രായേലിന്റെ ദൈവമായ യഹോവയുടെ ചിറകിൻ കീഴെ ആശ്രയിക്കുക എന്നു പറഞ്ഞാൽ ദൈവത്തിൽ സുരക്ഷിതത്വം കണ്ടെത്തുകയും അവനുമായി കൂട്ടായ്മ പുലർത്തുകയും എന്നാണ് (സങ്കീ.36:7,8;91:1–4). യിസ്രായേൽ ജനത്തിനു അവരുടെ മഹാപുരോഹിതൻ ആണ്ടിൽ ഒരിക്കൽ രക്തവുമായി അതിവിശുദ്ധ സ്ഥലത്തു കൃപാസനത്തോടു അടുത്തു വരുമ്പോൾ; പുതിയനിയമ വിശ്വാസികൾക്കു, രാജകീയ പുരോഹിത വർഗ്ഗം എന്നുള്ള നിലയിൽ ഏതു സമയത്തും ദൈവകൃപാസനത്തോടു അടുത്തു വരുവാൻ സാധിക്കും.

അന്യദേശക്കാരത്തിയും, ബോവസിന്റെ വയലിൽ കാലാ പെറുക്കിയ വിധവയും, അനാഥയുമായ രൂത്ത്, മഹാധനവാനായ ബേത്തേഹ്ലമ്യനായ ബോവസിന്റെ ചിറകീൻ കീഴിൽ, വീണ്ടെടുപ്പുകാരൻ എന്ന നിലയിൽ അഭയം ലഭിച്ചു. അങ്ങനെ രൂത്ത് ബോവസിന്റെ ഭാര്യയായി അവന്റെ സകല സമ്പത്തിനും അവകാശി ആയി. പലപ്പോഴും ദൈവജനം ആവശ്യത്തിലിരിക്കുന്ന സഹവിശ്വാസികളെ പ്രാർത്ഥിച്ചു ദൈവകരങ്ങളിൽ ഭരമേല്പിക്കും; എന്നാൽ തങ്ങളുടെ കരങ്ങളെ അവർക്ക് നേരെ തുറക്കയില്ല. എന്നാൽ ബോവസ് അങ്ങനെ ആയിരുന്നില്ല; യിസ്രായേലിന്റെ ദൈവമായ യഹോവയുടെ ചിറകിൻ കീഴെ സമർപ്പിക്കുന്നതോടൊപ്പം തനിക്കു ചെയ്യുവാൻ സാധിക്കുന്ന എല്ലാ കാര്യങ്ങളും ബോവസ് ചെയ്തു. വളരെ നല്ല മാതൃക.

യിസ്രായേൽ ജനത്തിന്റെ മദ്ധ്യത്തിൽ ഇപ്പോൾ വീണ്ടെടുപ്പുകാരന്റെ (kinsman - redeemer) നിയമ സാദ്ധ്യതയൊ, അംഗീകാരമൊ ഇല്ല; അതു അടഞ്ഞ ഒരു അദ്ധ്യായം തന്നെ. എന്നാൽ ബേത്‌ലഹേമിൽ ജനിച്ച കർത്താവായ യേശുക്രിസ്തുവിനെ നമ്മുടെ വീണ്ടെടുപ്പുകാരനായി "ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു" (റോമ.3:25). ആരെങ്കിലും കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിൽ വിശ്വസിക്കയും, തന്റെ പാപങ്ങൾക്കു വേണ്ടിയാണു അവൻ ക്രൂശിൽ രക്തം ചിന്തി മരിച്ചതു എന്നു വിശ്വസിച്ചു വായ്കൊണ്ടു ഏറ്റുപറകയും ചെയ്താൽ ആ നിമിഷത്തിൽ യേശു കർത്താവ് അവന്റെ രക്ഷകനും, വീണ്ടെടുപ്പുകാരനുമായി തീരുന്നു. ദൈവം ഒരുക്കിയ ആ നല്ല വീണ്ടെടുപ്പുകാരനെയും, അതൊടൊപ്പം സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ (എഫെ.1:3). ●

നാം സ്നേഹിക്കുമ്പോൾ അത് അറിയാം. മറ്റു പ്രവൃത്തികളിൽ കൂടെയും വിശ്വാസത്തിന്റെ പ്രവൃത്തി നമ്മിൽ കാണണം. ദു:ഖത്തിൽ ഇരിക്കുന്ന ഒരു കൂട്ടുവിശ്വാസിയുടെ ഭവനത്തിൽ പോയി അവരെ ആശ്വസിപ്പിക്കുവാൻ കഴിയുന്നില്ലെങ്കിൽ എന്തു സഹോദരസ്നേഹം. പലരും തല കാണിച്ചു പോകുന്നവരാണ്. കർത്താവായ യേശുക്രിസ്തുവിൽ കൂടെയുള്ള ഒരു അഭേദ്യമായിരിക്കുന്ന ബന്ധം വിശ്വാസികൾ തമ്മിൽ ഉണ്ട് എന്ന വസ്തുത നാം വിസ്മരിച്ചു പോകുകയാണ്. ദു:ഖഭവനം, എന്റെ ഭവനം തന്നെ എന്ന ചിന്ത നമുക്കുണ്ടോ? ഒരു വിശ്വാസി രോഗിയായി ഭവനത്തിലോ ആശുപത്രിയിലോ ആണന്ന് അറിഞ്ഞാൽ അവരെ പോയി സന്ദർശിക്കേണ്ട ചുമതല വിശ്വാസികൾക്കുണ്ട്. പലരും വീടുകളിൽ ഇരുന്ന് പ്രാർത്ഥിക്കുന്നു എന്നു പറയുന്നവരാണ്. നമ്മുടെ പ്രവർത്തനങ്ങൾ നാം തന്നെ ശോധന ചെയ്യേണ്ടതാണ്.

ദൈവരാജ്യത്തിൽ തീർച്ചയായും രൂപാന്തരം പ്രാപിച്ചവർക്കു മാത്രമേ പ്രവേശനം ഉള്ളൂ. വിശ്വാസികൾ രൂപാന്തരം പ്രാപിച്ചവരായി ദൈവസന്നിധിയിൽ പ്രവേശിക്കും. മരണത്തിന്നു നമ്മെ പിടിച്ചു വയ്ക്കുവാൻ സാധിക്കുകയില്ല. മരണം നമ്മെ ഇപ്പോൾ കീഴ്പ്പെടുത്തി എന്നു കരുതുന്നു. പക്ഷേ ദൈവത്തിന്റെ കാഹളം ധ്വനിക്കുന്ന മാത്രയിൽ മരിച്ച സകല വിശ്വാസികളും ഉയിർക്കും. മരിച്ച് ഉയിർത്തെഴുന്നേല്ക്കുന്നവർ ഉച്ചത്തിൽ ഘോഷിക്കുന്ന വാക്കുകൾ ആണ്. "ഹേ മരണമേ, നിന്റെ വിഷമുള്ള് എവിടെ? ഹേ പാതാളമേ നിന്റെ ജയം എവിടെ?" അപ്പോൾ വിശ്വസിക്കുന്നവർക്ക് ഒരു ജയം ഉണ്ട്. കല്പന പ്രകാരം ജീവിക്കുന്നവർക്ക്, നീതിമാന്മാരായി ജീവിക്കുന്നവർക്ക്, വിശുദ്ധരായി ജീവിക്കുന്നവർക്ക് ഒരു ജയം ഉണ്ട്. നമുക്ക് ഉച്ചത്തിൽ കർത്താവിന് സ്തോത്രം പറയാം. "നമുക്ക് ജയം നല്കുന്ന ദൈവത്തിന് സ്തോത്രം."

അതുകൊണ്ട് പ്രിയ സഹോദരീ സഹോദരന്മാരേ! നിങ്ങളുടെ ക്രിസ്തുയേശുവിലുള്ള വിശ്വാസത്തിൽ നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും ആയിരിക്കണം. നാം വിശ്വാസത്തിൽ സ്ഥിരത ഉള്ളവർ ആയിരിക്കണം.

കർത്താവിന്റെ വേലയിൽ വർദ്ധിച്ചു വരണം. വിശ്വാസികൾക്കുള്ള ഏക ദൗത്യം കർത്തൃവേലയാണ്. "സകല ജാതികളേയും ശിഷ്യരാക്കികൊള്ളണം. ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടെയുണ്ട്." ആത്മീക ശുശ്രൂഷകൾ ആണ് കർത്താവ് നമ്മെ ഏല്പിച്ചിരിക്കുന്നത്. തന്റെ സഭയുടെ പൂർത്തീകരണം. ആ പണിയിൽ നമുക്ക് എന്ത് പങ്കുണ്ട്. അത് മാത്രമേ കർത്താവ് ചോദിക്കുകയുള്ളൂ. സ്വർഗ്ഗത്തിലെ സകല ആത്മീക അനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്നു (എഫെ.1:3). എന്ത് ആത്മിക അനുഗ്രഹങ്ങൾ ആണ് നമുക്ക് ലഭിച്ചിരിക്കുന്നത്. നീ ഭൗമികമായി എന്തു സമ്പാദിച്ചു എന്നത് കർത്താവ് ചോദിക്കുന്ന വിഷയമല്ല. അത് മുഴുവൻ ഇവിടെ കളഞ്ഞിട്ടു പോകേണ്ടതു തന്നെയാണ്. നമുക്ക സ്വർഗ്ഗത്തിൽ ആത്മിക അനുഗ്രഹങ്ങൾ ലഭിക്കണമെങ്കിൽ ഇവിടെ നാം എത്രമാത്രം ആത്മികമായി സമ്പാദിക്കുന്നു എന്ത് ആത്മീക കാര്യങ്ങൾ ദൈവത്തിന്നായി നാം ചെയ്യുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും. അങ്ങനെ നാം കർത്താവിന്നായി പ്രയത്നിക്കുമ്പോൾ അത് ഒരിക്കലും വ്യർത്ഥമല്ല. നമ്മുടെ കർത്താവിന്നായുള്ള പ്രയത്നത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രതിഫലങ്ങൾ ആയിരിക്കും നമുക്ക് നിത്യതയിൽ ലഭിക്കുക. നാം കർത്താവിന്നായി പ്രവർത്തിച്ചാൽ പ്രതിഫലം അത് അനുസരിച്ച് ലഭിക്കും.

ആകയാൽ നാം കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവരണം. എപ്പോഴാണ് നാം ദൈവസന്നിധിയിൽ പ്രവേശിക്കുന്നത് എന്നു നമുക്ക് നിശ്ചയമില്ല. ആകയാൽ കിട്ടുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തുക. അതിൽ നാം വർദ്ധിച്ചുവരണം. നമ്മുടെ വിശ്വാസം, പ്രത്യാശ, പൗലൊസ് പറയുന്നത് വല്ല വിധേനയും പുനരുദ്ധാരണം പ്രാപിക്കണം എന്നുള്ള ഏക ചിന്തയിൽ എല്ലാം ഉപേക്ഷിച്ച് ചവറ് എന്ന് എണ്ണുന്നു. ഫിലി. 3:11. നമുക്ക് ലഭിച്ചിരിക്കുന്ന ബുദ്ധി, സാമ്പത്തികം, ശാരീരിക ബലം, വിദ്യാഭ്യാസം എല്ലാം അവന്റെ രാജ്യത്തിന്നായി ഉപയോഗിക്കാം. ദൈവനാമം നമ്മിൽ കൂടി മഹത്വപ്പെടട്ടെ. ●

## വിമൻസ് ബൈബിൾ ക്യാമ്പ്

**കുമ്പനാട് :** കുമ്പനാട് സെന്റർ സോദരീ സമാജത്തിന്റെ ആഭിമുഖ്യത്തിൽ 12 വയസിനുമേൽ പ്രായമുള്ള യുവ സഹോദരിമാർക്കായി വർഷംതോറും നടത്തിവരാറുള്ള വിമൻസ് ബൈബിൾ ക്യാമ്പ് ഈ വർഷവും ഏപ്രിൽ 5 ന് ഉച്ചകഴിഞ്ഞ് 3 മണി മുതൽ ഏപ്രിൽ 10 ശനിയാഴ്ച 1 മണി വരെ കുമ്പനാട് ബ്രദറൺ സഭാഹാളിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ ക്യാമ്പിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഏപ്രിൽ 5 ന് 2 മണിക്ക് കുമ്പനാട് ബ്രദറൺ സഭാഹാളിൽ വന്നു ചേരേണ്ടതാണ്. എന്ന് സോദരീ സമാജത്തനുവേണ്ടി തങ്കമ്മ വർഗീസ്, സെക്രട്ടറി.

# ബൈബിൾ പ്രശ്നാവലി (വചനധ്യാനം) നം.109-ഉത്തരം

**വിഷയം : ദൈവമക്കളുടെ പ്രത്യേക ശ്രദ്ധയ്ക്ക്**

**വായനാഭാഗം** : 1. ശമു. 12, സദൃ. 14, എഫെ. 2, യാക്കോ. 2,4, 1കൊരി. 8, മത്താ.5, സങ്കീ. 119.

I. ദൈവമക്കൾ ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്തിനായി?

ഉത്തരം : എഫെ. 2 : 10 ദൈവമക്കൾ ദൈവത്തിന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായി ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

**ഒ. വാ.** 1. 1 പത്രോ. 2:9 അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുതപ്രകാശത്തിലേക്കുവിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ. 2. തിത്തോ. 2: 14, 3:8 സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളവരായിരിപ്പാൻ ................ 3. തിത്തോ. 2:7 ......... സകലത്തിലും സൽപ്രവൃത്തിക്കു മാതൃകയാക്കി കാണിക്കണം.

II. നന്മ ചെയ്വാൻ അറിഞ്ഞിട്ടും അത് ചെയ്യാത്തവന്ന് അത് എന്തായി ദൈവം കണക്കാക്കുന്നു?

ഉത്തരം : യാക്കോബ് 4: 17 നന്മ ചെയ്വാനറിഞ്ഞിട്ടും ചെയ്യാത്തവന് അതു പാപമായി കണക്കാക്കുന്നു.

ഒ. വാ. 1. സദൃ. 3:27, 1 യോഹ.3:17 നന്മചെയ്വാൻ നിനക്കു പ്രാപ്തിയുള്ളപ്പോൾ അതിനു യോഗ്യരായിരിക്കുന്നവർക്ക് ചെയ്യാതിരിക്കരുത്.

2. യാക്കോ. 2:15 വസ്ത്രമോ അഹോവൃത്തിക്കു വകയോ ഇല്ലാത്തവനെ കണ്ടാൽ അവന് ദേഹരക്ഷയ്ക്കു ആവശ്യമായതു കൊടുക്കണം.

3. 2. തെസ്സ. 3:13, ഗലാ. 6: 9, 10. നന്മ ചെയ്യുന്നതിൽ തളർന്നുപോകരുത്.

4. മത്താ. 12: 12 നന്മചെയ്വാൻ അവസരംകിട്ടുമ്പോൾ എല്ലാവർക്കും വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്യണം.

5. 1 തെസ്സ. 5 : 15 ആരും തിന്മയ്ക്കുപകരം തിന്മ ചെയ്യരുത്; എല്ലാവരോടും എപ്പോഴും നന്മ ചെയ്തുകൊണ്ടിരിപ്പീൻ. (6) ലേവ്യ. 19:15 എളിയവനും വലിയവനും വേണ്ടി നീതിയോടെ ന്യായം വിധിക്കണം.

III. മുഖപക്ഷം കാണിക്കുന്നതിനെ ദൈവം കണക്കാക്കുന്നത് എങ്ങനെ?

ഉത്തരം. യാക്കോ. 2 :9 മുഖപക്ഷം കാണിച്ചാലോ പാപം ചെയ്യുന്നു.

ഒ. വാ. (1) മലാ. 2: 9. നിങ്ങൾ പക്ഷഭേദം കാണിച്ചതുകൊണ്ട് ഞാനും നിങ്ങളെ സകല ജനത്തിനും നിന്ദിതരും നീചരുമാക്കിയിരിക്കുന്നു.

2. റോമ. 2: 11, പ്രവ. 10: 34 ദൈവത്തിന്റെ പക്കൽ മുഖപക്ഷം ഇല്ലല്ലോ.

3. സദൃ. 28: 21, മുഖ ദാക്ഷിണ്യം കാണിക്കുന്നതു നന്നല്ല.

4. 1 പത്രോ. 1:17. മുഖപക്ഷം കൂടാതെ..... ന്യായം വിധിക്കുന്നവനെ പിതാവ് എന്നുവിളിക്കുന്നെങ്കിൽ നിങ്ങളുടെ പ്രവാസകാലം ഭയത്തോടെ കഴിപ്പിൻ.

IV. സഹോദരന്മാരുടെ നേരെ പാപം ചെയ്ത് അവരുടെ ബലഹീന മനസ്സാക്ഷിയെ ദണ്ഡിപ്പിക്കുമ്പോൾ നിങ്ങൾ യഥാർത്ഥത്തിൽ ആരോടാണ് പാപം ചെയ്യുന്നത്?

ഉത്തരം. 1 കൊരി. 8:12 നിങ്ങൾ സഹോദരന്മാരുടെ നേരേ പാപം ചെയ്ത് അവരുടെ ബലഹീന മനസാക്ഷിയെ ദണ്ഡിപ്പിക്കുമ്പോൾ നിങ്ങൾ ക്രിസ്തുവിനോടു പാപം ചെയ്യുന്നു.

ഒ. വാ. 1. മത്ത. 18: 6. എന്നിൽ വിശ്വസിക്കുന്ന ഒരുത്തന് ആരെങ്കിലും ഇടർച്ച വരുത്തിയാൽ അവന്റെ കഴുത്തിൽ വലിയൊരു തിരികല്ല് കെട്ടി അവനെ സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തിക്കളയുന്നത് അവന് നന്ന്.

2. റോമ. 14: 21. സഹോദരന് ഇടർച്ച വരുത്തുന്നത് യാതൊന്നും ചെയ്യാതിരിക്കുന്നത് നന്ന്.

V. കൂട്ടുകാരനെ നിന്ദിക്കുന്നവൻ ചെയ്യുന്നത് എന്താണെന്ന് വചനം പറയുന്നു?

ഉത്തരം. 1. സദൃ. 14: 21. കൂട്ടുകാരനെ നിന്ദിക്കുന്നവൻ പാപം ചെയ്യുന്നു.

ഒ. വാ. 1. യോഹ. 3: 10, 14-16. സഹോദരനെ പകയ്ക്കുന്നവൻ ദൈവത്തിൽനിന്നുള്ളവനല്ല; .........

2. 1. പത്രോ.2: 17. എല്ലാവരേയും ബഹുമാനിപ്പിൻ

VI. ദൈവജനത്തിനുവേണ്ടി പ്രാർത്ഥിക്കാതിരിക്കുന്നതിനാൽ യഹോവയോട് പാപം ചെയ്വാൻ ഇടവരരുതേ എന്ന് പ്രാർത്ഥിച്ചത് ആര്?

ഉത്തരം. 1 ശമു. 12:23 ഞാനോ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാതിരിക്കുന്നതിനാൽ യഹോവയോടു പാപം ചെയ്യാൻ ഇടവരരുതേ എന്ന് ശമുവേൽ പ്രവാചകൻ പ്രാർത്ഥിച്ചു.

ഒ. വാ. 1. തെസ്സ. 3:10 ഇനി നിങ്ങളുടെ മുഖം കാണ്മാനും നിങ്ങളുടെ വിശ്വാസത്തിന്റെ കുറവു തീർപ്പാനും ഞങ്ങൾ (പൗലോസും..........) രാവും പകലും വളരെ താല്പര്യത്തോടെ പ്രാർത്ഥിച്ചുപോരുന്നു.

2. 1 ദിന. 1: 17 തന്റെ ജനത്തെ ശിക്ഷിക്കാതെ, തന്നെശിക്ഷിച്ചുകൊള്ളുവാൻ ദാവീദു പ്രാർത്ഥിച്ചു.

VII. താഴെ പറയുന്ന ഓരോന്നിനും ഉള്ള ശിക്ഷ എന്താണെന്ന് കർത്താവു പറഞ്ഞിരിക്കുന്നു?

(a) സഹോദരനോടു കോപിക്കുന്നവൻ ന്യായവിധിക്കു വിധേയനാകും.

ഒ.വാ. (1) എഫെ. 4:26 കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ.

(2) സദൃ. 22:9 കോപശീലനോട് സഖിത്വം അരുത്.

(b) സഹോദരനോടു നിസ്സാരാ എന്നുപറഞ്ഞാൽ ന്യായാധിപസഭയുടെ മുമ്പാകെ നിൽക്കേണ്ടി വരും.

(c) സഹോദരനോടു മൂഢാ എന്നു പറഞ്ഞാൽ അഗ്നി നരകത്തിനു യോഗ്യനാകും.

VIII. യഹോവയോട് പാപം ചെയ്യാതിരിപ്പാൻ സങ്കീർത്തനക്കാരൻ ചെയ്തിരുന്നത് എന്ത്?

സങ്കീ. 119:11 ഞാൻ നിന്നോടു പാപം ചെയ്യാതിരിപ്പാൻ നിന്റെവചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു.

ഒ.വാ. (1) ആവ. 6:6 നിന്നോടു കല്പിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കണം.

(2) 119:8 . . . . നിന്റെ ചട്ടങ്ങളെ മറക്കുന്നില്ല.

(3) വാ. 97. നിന്റെ ചട്ടങ്ങൾ ഇടവിടാതെ എന്റെ ധ്യാനമാകുന്നു.

(4) വാ. 101 നിന്റെ ചട്ടങ്ങൾ പ്രമാണിക്കേണ്ടതിന് ഞാൻ സകല ദുർമാർഗത്തിൽ നിന്നും കാൽ വിലക്കുന്നു.

"അനുദിന ക്രിസ്തീയ ജീവിതത്തിൽ വിശുദ്ധി പാലിപ്പാൻ ഈ ധ്യാനചിന്തകൾ വളരെ പ്രചോദനം നൽകുന്നു." "ഈ വചന വെളിച്ചത്തിൽ എന്നെത്തന്നെ പരിശോധിച്ചു. എന്റെ കുറവുകളെക്കുറിച്ച് ദുഃഖിക്കുന്നു." ശമുവേലിനെപ്പോലെ മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ വെളുപ്പിനെ 4-5 വരെ പ്രാർത്ഥിക്കുന്നു. (പ്രായമുള്ള ഒരു സഹോദരി) "കൂടുതൽ സമയം വചനം വായിക്കുന്നതിന് വേർതിരിപ്പാനും വചനം ഹൃദയത്തിൽ സംഗ്രഹിപ്പാനും മനഃപാഠമാക്കുവാനും തീരുമാനിപ്പാൻ ദൈവം കൃപ നൽകി."

## ബൈബിൾ പ്രശ്നാവലി നം. 109 - ജയിച്ചവരുടെ മാർക്കു വിവരം

(മുഴുവൻ ശരി ഉത്തരം - 80 മാർക്ക് ഒത്തുവാക്യത്തിന് പ്രത്യേകം)

| | | |
|---|---|---|
| 1. | സാം കിഴവറമണ്ണിൽ, മുംബൈ | 144 |
| 2. | മേരി ജേക്കബ്, കല്ലിശ്ശേരി | 138 |
| 3. | ഏലിയാമ്മ കോശി, ബാംഗ്ളൂർ | 134 |
| 4. | മേരിക്കുട്ടി ഏബ്രഹാം, പാറത്തോട് | 132 |
| 5. | സിസ്സി ബിം, മീനങ്ങാടി | 130 |
| 6. | ആലീസ് കോര, പുതുപ്പള്ളി | 130 |
| 7. | തങ്കമ്മ ഡാനിയേൽ, തൃശൂർ | 128 |
| 8. | ഏലിയാമ്മ പൗലോസ്, തൃശൂർ | 126 |
| 9. | ജയിനമ്മ പൗലോസ്, പൂനൈ | 122 |
| 10. | ചിന്നമ്മ ശാമുവേൽ, മുംബൈ | 118 |
| 11. | ഏലിയാമ്മ ജേക്കബ്, വിശാഖപട്ടണം | 118 |
| 12. | ഒ.വി. ജോസഫ്, പുല്ലാട് | 118 |
| 13. | പി.വി. ജോർജ്ജ്, പൈങ്ങോട്ടൂർ | 112 |
| 14. | രത്നാ ജേക്കബ്, പുതുപ്പള്ളി | 112 |
| 15. | അന്നമ്മ മാത്യു, ചെന്നൈ | 104 |
| 16. | വത്സമമ തോമസ്, ജാൻസി | 90 |
| 17. | പി.റ്റി. ഫിലിപ്പ്,ബാംഗ്ളൂർ | 80 |
| 18. | മറിയാമ്മ തോമസ്, കുന്നന്താനം | 80 |
| 19. | ആലീസ് സാം, സീബ് | 80 |
| 20. | സാറാമ്മ തോമസ്, കോട്ടയം | 80 |
| 21. | ത്രേസ്യാമ്മ പൗലൊസ് | 80 |
| 22. | ബറ്റി വിനോദ്, വെള്ളൂർ | 80 |
| 23. | വിസാമ്മ മാത്യു, തിരുവനന്തപുരം | 80 |
| 24. | ഷിലു കുര്യൻ, റാന്നി | 80 |
| 25. | അന്നമ്മ ചാക്കോ, മണ്ണാരത്തറ | 80 |
| 26. | ജസ്സി കെ. പോൾ, ഒറീസാ | 80 |

# വാർത്തകൾ, കുറിപ്പുകൾ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**കമ്പംമെട്ട് :** 2009 ഡിസം. 28-29 ന് കമ്പംമെട്ടിലും പരിസരപ്രദേശങ്ങളിലും 13-ഓളം പരസ്യയോഗങ്ങളും ഭവന സന്ദർശനവും നടത്തുവാൻ ഇടയായി. എബനേസർ ഗോസ്പൽ മിനിസ്ട്രീസും ഹൈറേഞ്ചിലെ സുവിശേഷകൻമാരും പ്രവർത്തനങ്ങളിൽ സഹകരിച്ചു. 30 ന് തമിഴ്നാട്ടിൽ പേരയൂർ കേന്ദ്രീകരിച്ച് ചുറ്റുമുള്ള ഗ്രാമങ്ങളിൽ പരസ്യയോഗം നടത്തി. പ്രവർത്തനങ്ങളിൽ വി.എം. പോൾ, ജോക്കബ് തോമസ്, കെ.ജെ. ജോർജ്ജ്, കെ.ജെ. ഷാജു, എം.സി. ജോർജ്ജുകുട്ടി, ജോയി വൈക്കം, കെ. പി. ജോർജ്ജ്, ടോംകുട്ടി, ബിജു, റോയി, രാജൻ മാത്യു, അജി സി.ഫിലിപ്പ്, എൽദോസ് എന്നിവരും ജെയിംസ് കോട്ടയം, ബിനോയി എന്നിവർ ഗാനശുശ്രൂഷയും നിർവ്വഹിച്ചു. കമ്പംമെട്ടിലെ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കണമേ. എന്ന് പി.ഡി. വർഗീസ് (ഇവാ), ഗോസ്പൽ സെന്റർ, കമ്പംമെട്ട് പി.ഒ., വണ്ടംമേട്, ഇടുക്കി - 685551.

**കാരിച്ചാൽ - പായിപ്പാട്** : ഇവിടെ എബനേസർ ബ്രദറൺ സഭയുടെ പ്രവർത്തനങ്ങൾ അനുഗ്രഹമായി നടക്കുന്നു. പുതിയതായി ചിലർ രക്ഷിക്കപ്പെടുകയും ശമുവേൽ റ്റി. ഫിലിപ്പ് 16-1-2010 ൽ അവരെ സ്നാനപ്പെടുത്തുകയും ചെയ്തു. നിരണം-മേൽപ്പാടം-പാണ്ടനാട് എന്നീ സഭകളുടെ സാന്നിദ്ധ്യം സഭയ്ക്ക് അനുഗ്രഹകരമായിരുന്നു. വർഗീസ് മത്തായി കുടുംബമായി പ്രവർത്തിക്കുന്നു. സഭയെയും പ്രവർത്തനങ്ങളെയും ഓർത്ത് പ്രാർത്ഥിക്കണമേ. എന്ന് വർഗീസ് മത്തായി. പി.സി. തങ്കച്ചൻ, മോഹൻദാസ് പി.ജി., സജി മാത്യു.

**ഏകദിന പരസ്യപ്രവർത്തനം. :** 2009 നവം. 21 ന് ബഥനി ബൈബിൾസ്കൂൾ വിദ്യാർത്ഥികളും വാളകം എബനേസർ ഗോസ്പൽ മിനിസ്ട്രീസും ചേർന്ന് മൈലപ്ര മുതൽ സീതത്തോട് വരെയുള്ള പ്രധാനപ്പെട്ട 10 സ്ഥലങ്ങളിൽ പരസ്യയോഗം നടത്തപ്പെട്ടു. മൈലപ്ര ടൗണിൽ ആദ്യദൂതു നൽകിയത് കെ.എ. ഫിലിപ്പ് സാർ ആയിരുന്നു. ബഥനിയിലെ വിദ്യാർത്ഥികൾ, ബി.ബി.ഐ. പത്തനംതിട്ടയിലെ വിദ്യാർത്ഥികൾ 10 സുവിശേഷകൻമാർ ഉൾപ്പെടെ 29 പേർ ഈ ശുശ്രൂഷയിൽ സംബന്ധിച്ചു. ബാബു ഓടനാവട്ടം ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. അന്നേദിവസം സീതത്തോട് സഭയിൽ രാത്രിയോഗം നടക്കുകയുണ്ടായി. സ്ഥലം സഭയുടെ സഹകരണം പ്രോത്സാഹനജനകമായിരുന്നു. 3000ത്തോളം ട്രാക്റ്റുകൾ വിതരണം ചെയ്തു. 7 പേർ കർത്താവിനെ രക്ഷിതാവായി ഏറ്റുപറഞ്ഞു. വിതയ്ക്കപ്പെട്ട വചനം ഫലകരമായിത്തീരേണ്ടതിന് പ്രാർത്ഥിക്കുക. എന്ന് പി.കെ. ബാബു. (സുവി.) പുല്ലാട്.

**മുണ്ടക്കയം** : 2009 നവം. 14 ന് ദാനിയേൽ ചിൽഡ്രൻസ് ഓർഫനേജിൽ കൂടിയ ട്രസ്റ്റ് കമ്മറ്റിയിൽ ഗോഡ്ലി കുര്യൻ ആനിക്കാട് പുതിയ പ്രസിഡന്റായി സ്ഥാനമേറ്റു. 2 മുതൽ 9-ാം ക്ലാസ്സ് വരെ പഠിക്കുന്ന 14 കുട്ടികൾ ഇപ്പോൾ ഉണ്ട്. പഠനത്തോടൊപ്പം മുണ്ടക്കയം സഭയോടുള്ള ബന്ധത്തിൽ ചിൽഡ്രൻസ് ക്ലബ്ബ്, സണ്ടേ സ്കൂൾ, ആരാധന, പ്രാർത്ഥന എന്നീ നിലകളിൽ നല്ല ആത്മീയ ശിക്ഷണത്തിലും വളർന്നുവരുന്നു. ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു. ഈ പ്രവർത്തനത്തിൽ സഹകരിക്കാൻ ആഗ്രഹിക്കുന്നവർ കൂട്ടായ്മകൾ ദാനിയേൽ ചിൽഡ്രൻസ് ഹോം എന്ന പേരിൽ (A/c No. 13970100065084) Mundakayam Federal Bank-ൽ മാറത്തക്ക നിലയിൽ ഈ വിലാസത്തിൽ അയച്ചാലും. റ്റി.വി. മാത്യു, ദാനിയേൽ ചിൽഡ്രൻസ് ഹോം Paingana, Mundakayam 686513 എന്ന് കെ.എം. ബേബി, റ്റി.വി. മാത്യു, ശാമുവേൽ റ്റി. ഫിലിപ്പ്, ഐസക്ക് വി. ജോൺ, ജോസഫ് മാത്യു, ജോജി ചാക്കോ.

**വൈ.എം.ഇ.എഫ്. :** കർണാടകയുടെ ഏകദിന പ്രവർത്തനം ഹൂബ്ലിയിലുള്ള സ്ഥലം സഭകളുടെ സഹകരണത്തിൽ സമുദായ ഭവനിൽ 5-11-2009 ന് നടക്കുകയുണ്ടായി. ജോൺ ഫിലിപ്പ് മണിപ്പാൽ രൂത്ത് 1-ാം അദ്ധ്യായത്തിൽ നിന്ന് "ക്രിസ്ത്യൻ ഫാമിലി & സൊസൈറ്റി" എന്ന വിഷയത്തെ അടിസ്ഥാനമാക്കി സംസാരിക്കുകയുണ്ടായി. കർണാടകയിലെ വിവിധ ജില്ലകളിലെ സഭകളിൽ നിന്നായി 250 പേർ യോഗത്തിൽ പങ്കെടുത്തു. കർണാടക വൈ.എം.ഇ.എഫ്.ന്റെ പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർക്കുകയും സാമ്പത്തിക കൂട്ടായ്മകൾ നൽകുകയും ചെയ്യണമേ. സാമ്പത്തിക സഹായങ്ങൾ വൈ.എം. ഇ.എഫ്. കർണാടകയുടെ പേരിൽ അയച്ചു തന്നാലും എന്ന് സെക്രട്ടറി, ജോയി ചാക്കോ മംഗലാപുരം.

## മഹത്വത്തിൽ

**കടമ്മനിട്ട :** ഉഴത്തിൽ പരേതനായ മത്തായി ഏബ്രഹാമിന്റെ ഭാര്യ തങ്കമ്മ മാത്യു (78) 12-1-10 ന് താൻ പ്രിയം വെച്ച കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷ 14-1-10 ന് ഭവനത്തിൽ ആരംഭിച്ച് അനുസ്മരണ ആശ്വാസ സന്ദേശങ്ങൾക്കുശേഷം അനേക വിശ്വാസികളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടും കാണാമെന്ന പ്രത്യാശയിൽ ബ്രദറൺ സഭാവക സെമിത്തേരിയിൽ മൃതദേഹം സംസ്ക്കരിച്ചു. പരേത ഇലന്തൂർ ചിറക്കടവിൽ നാരങ്ങാനം തെക്കേതിൽ കുടുംബാംഗമാണ്. ദുഃഖത്തിലിരിക്കുന്ന മക്കളെയും കുടുംബാംഗങ്ങളെയും പ്രാർത്ഥനയിൽ ഓർത്താലും. (സി.എ.ജി.)

**വാളകം :** ബ്രദറൺ സഭയിലെ മൂപ്പന്മാരിൽ ഒരാളായ കാറാണിയിൽ എം.യു. വർക്കിയുടെ സഹധർമ്മിണി ഗ്രേസി വർക്കി (76) 8-12-09 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. പ്രിയ മാതാവിന്റെ ഭൗതിക ശരീരം 9-12-09 ന് വാളകം ബ്രദറൺ സഭയുടെ ചുമതലയിൽ സഭാവക

സെമിത്തേരിയിൽ അനേക ദൈവമക്കളുടെ സാന്നിദ്ധ്യത്തിൽ സംസ്ക്കരിച്ചു. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും. എന്ന് കെ.ജെ. ജോർജ്ജ്.

## കൺവൻഷൻ / ക്യാമ്പ്

**നെല്ലിക്കുന്ന്** : വിമൻസ് ബൈബിൾ ക്യാമ്പ് 2010
സ്ഥലം : സീയോൻ ബ്രദറൺ ചർച്ച്, നെല്ലിക്കുന്ന്
തീയതി : 2010 ഏപ്രിൽ 12 തിങ്കൾ 3.30 – 16 വെള്ളി 3.30 വരെ
പ്രായം : 14 വയസുമുതൽ പ്രായമുള്ളവർക്ക്
ക്യാമ്പ് ഫീസ് : 50 രൂപ
ക്യാമ്പ് ലീഡേഴ്സ് : സുവി. പി.ജി. ജെയിംസ് തണ്ണിത്തോട്, എലിസബേത്ത് ശാമുവേൽ, തൃപ്പൂണിത്തറ.
കൂടുതൽ വിവരങ്ങൾക്ക് : മറിയാമ്മ ജെയിംസ് (കൺവീനർ) ചീരാൻ ഹൗസ്, നെല്ലിക്കുന്ന്, തൃശൂർ – 5. ഫോൺ :0487–2427957. വരുന്നവർ ബൈബിൾ, പാട്ടുപുസ്തകം, നോട്ടു പുസ്കം, പേന മുതലായവ കൊണ്ടുവരണം.

**സുവിശേഷ പ്രസംഗങ്ങൾ 2010, ചിങ്ങവനം**
സ്ഥലം : എം.സി.റോഡ് കുറിച്ചി ഔട്ട് പോസ്റ്റ് ജംഗഷൻ സുദർശന മൈതാനിയിൽ
തീയതി : 2010 ഫെബ്രു. 20 ശനി – 23 ചൊവ്വ വരെ
സമയം : വൈകിട്ട് 6.30 – 8.30 വരെ
പ്രസംഗകർ : ചാണ്ടപ്പിള്ള ഫിലിപ്പ്, പി.എം. ഏബ്രഹാം, സജീവ് വർഗീസ്.
ആത്മ പ്രചോദനം നൽകുന്ന സുവിശേഷ സന്ദേശങ്ങൾ, ആശ്വാസ, ആനന്ദപ്രദമായ ആത്മീയ ഗാനങ്ങൾ
എന്ന് ചിങ്ങവനം ബ്രദറൺ സഭക്കുവേണ്ടി പി.വി. മത്തായി, ചെറിയാൻ തോമസ്.

**കാസർഗോഡ്.** : വൈ.എം.ഇ.എഫ്. മലബാർ ഡിവിഷൻ ബൈബിൾ ക്യാമ്പ് 2010 മെയ് 3–6 വരെ കാസർഗോഡ് ജില്ലയിൽ വെച്ച് നടത്തുവാൻ തീരുമാനിച്ച കാര്യം പ്രാർത്ഥനയ്ക്കായി അറിയിക്കുന്നു. തോംസൺ ബി. തോമസ്, പി.എ. ഏബ്രഹാം തുടങ്ങിയവർ പ്രധാന ശുശ്രൂഷകന്മാരായിരിക്കും. കൂടാതെ മലബാറിലെ മറ്റു കർത്തൃദാസന്മാരും വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം വഹിക്കും. ഈ പ്രവർത്തനത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്താലും. എന്ന് മലബാർ ഡിവിഷനുവേണ്ടി സെക്രട്ടറി കെ.കെ. മാത്യു. അങ്ങാടിപ്പുറം. ഫോൺ : 9847015461.

**35–ാമത് പുതുപ്പാടി ബ്രദറൺ കൺവൻഷൻ**
സ്ഥലം : ബ്രദറൺ സഭാഹാളിനു മുൻവശം തയ്യാറാക്കുന്ന പന്തൽ
തീയതി : 2010 ഫെബു. 9 – 14 വരെ
സമയം : എല്ലാദിവസവും വൈകിട്ട് 6.00 – 9 വരെ
പ്രസംഗകർ : ഏബ്രഹാം ചെമ്പോല, സജീവ് വർഗീസ്.
ഗാനശുശ്രൂഷ : ഷാജു അഞ്ചൽ
ദൈവവചന കേൾവിക്കായി ജാതിമതഭേദമെന്യേ ഏവരേയും കർത്തൃനാമത്തിൽ ക്ഷണിക്കുന്നു. എന്ന് സഭയ്ക്കുവേണ്ടി എം.ഐ. തോമസ്, വി.യു. തോമസ്.

**തൃശൂർ** : എസ്.ബി.എസ്. തൃശൂർ സെന്ററിന്റെ ചുമതലയിൽ മാതാപിതാക്കന്മാർക്കുള്ള ഏകദിന സമ്മേളനം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.
സ്ഥലം : നെല്ലിക്കുന്ന് ബ്രദറൺ ചർച്ച്
തീയതി / സമയം : 2010 ഫെബ്രു. 12 ന് 9.30 – 4 വരെ
പ്രസംഗകൻ : അനിയൻ വർഗീസ് കല്ലിശ്ശേരി
വിഷയം : ബാലൻ നടക്കേണ്ടുന്ന വഴി (സദൃ. 22:6)
പ്രസ്തുത സമ്മേളനത്തിലേക്ക് സഭയിലെ എല്ലാ മാതാപിതാക്കളെയും ക്ഷണിച്ചുകൊള്ളുന്നു. എന്ന് സെക്രട്ടറി ജോഷി ജോൺ സി. ഫോൺ : 9846009285

## അഭ്യർത്ഥന

**മീനടം (കോട്ടയം)** : ഈ സ്ഥലത്ത് പാമ്പാടി, കറുകച്ചാൽ സഭകളുടെ സഹകരണത്തിൽ ജോസഫ് പുന്നൂസും ജോണി തോമസും ചേർന്ന് 2001 ജനു.യിൽ ഒരു പ്രവർത്തനം ആരംഭിക്കുവാൻ ഇടയായി. ഈ പ്രവർത്തനത്തിൽ ചുറ്റുപാടുമുള്ള സഭകളിലെ സഹോദരന്മാരും സഹകരിച്ചിരുന്നു. തത്ഫലമായി ഈ സ്ഥലത്ത് ചില ആത്മാക്കൾ രക്ഷിക്കപ്പെട്ട് മുമ്പോട്ടു വരുന്നതിന് ദൈവം വഴിയൊരുക്കി. 2002 ഏപ്രിൽ 28 ന് ഒരു വാടക വീട്ടിൽ സഭാകൂടിവരവ് ആരംഭിച്ചു. 9 കുടുംബങ്ങളിൽ നിന്നായി 35 പേർ ആരാധനയ്ക്കായി കൂടിവരുന്നു. 27 പേർ കർത്തൃമേശയിൽ സംബന്ധിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ ഈ സ്ഥലത്ത് ഒരു സഭാഹാൾ ഉണ്ടാകേണ്ടിയിരിക്കുന്നു. പ്രാർത്ഥനയുടെ ഫലമായി ദൈവമക്കളുടെ സഹകരണത്താൽ മീനടം മാളികപ്പടി ജംഗ്ഷനു സമീപം അഞ്ചര സെന്റ് സ്ഥലം വാങ്ങുവാൻ ദൈവം കൃപ ചെയ്തു. ഇനിയും ഇവിടെ 40x20 വിസ്തീർണ്ണത്തിൽ ഒരു ഹാൾ ഉണ്ടാകേണ്ടതിനായി പ്രാർത്ഥിച്ചുവരുന്നു. ഇതിനായി ഏകദേശം 8.5 ലക്ഷം രൂപ ചെലവു വരും എന്ന് കണക്കാക്കുന്നു. ഇവിടെയുള്ള സാധാരണക്കാരായ വിശ്വാസികളെക്കൊണ്ട് ഇത്രയും തുക സമാഹരിക്കുവാൻ സാധിക്കുകയില്ല. അതുകൊണ്ട് ഒരു ഹാൾ എത്രയും വേഗം പണിയേണ്ടതിനായി ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു. എന്ന് സഭയ്ക്കുവേണ്ടി ചാക്കോ ചാക്കോ, ജോസഫ് പുന്നൂസ്, ജോണി തോമസ്. ഈ ആവശ്യത്തിലേക്കായി മീനടം എസ്.ബി.റ്റി. യിൽ ഒരു ജോയിന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്.ചെക്ക് / ഡ്രാഫ്റ്റ് എന്നിവ ബ്രദറൺ അസംബ്ലി മീനടം, ബിൽഡിംഗ് ഫണ്ട് A/c 67089914550 എന്ന പേരിൽ ക്രോസ് ചെയ്ത് അയയ്ക്കുക. വിലാസം ജോണി തോമസ്, തെക്കേടത്തു ഹൗസ്, വട്ടക്കുന്ന് പി.ഒ., മീനടം, കോട്ടയം–686516. ഫോൺ : 9495214375 മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ ശരിയാണെന്ന് ഞങ്ങൾക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. ഈ കാര്യത്തിൽ വേണ്ട സാമ്പത്തിക സഹായം ചെയ്യുന്നത് ഉചിതമായിരിക്കും. എന്ന് വർഗീസ് കെ.കുര്യൻ, കെ പോൾ തോമസ്.

**വല്യോലിമല (റാന്നി)** : ഇവിടെ ഒരു സഭാകൂടിവരവ് ഉണ്ടാകണം എന്ന ലക്ഷ്യത്തോടെ 2 വർഷമായി

പ്രവർത്തിച്ചതിന്റെ ഫലമായി 2009 സെപ്റ്റം. 25, 26 ന് ക്യാമ്പും രാത്രി യോഗങ്ങളും അതോടനുബന്ധിച്ച് സ്നാന ശുശ്രൂഷയും നടത്തുകയുണ്ടായി. അതേതുടർന്ന് വല്യോലിമല ബ്രദറൺ അസംബ്ലി എന്ന പേരിൽ സഭാകൂടിവരവ് ആരംഭിക്കുകയും ആരാധന നടക്കുവാനും കർത്താവ് സഹായിച്ചു. ഇപ്പോൾ ഒരു വാടക വീട്ടിലാണ് കൂടിവരവ് നടക്കുന്നത്. പൊതുവായ ഒരു ആരാധനാ സൗകര്യം എത്രയും വേഗം ആവശ്യമായിരിക്കുന്നു. ഇവിടെ സൗകര്യപ്രദമായ 10 സെന്റ് സ്ഥലവും മേൽക്കൂര തീർന്നിട്ടില്ലാത്ത ചെറിയ ഒരു ഹോളും വാങ്ങുവാനായിട്ടുണ്ട്. വസ്തു വാങ്ങി ഒരു ഹാൾ ഉണ്ടാക്കേണ്ടതിനുവേണ്ടി 1,60,000 ആവശ്യമായിട്ടുണ്ട്. സ്റ്റുവാർഡ്സ് അസ്സോസ്സിയേഷൻ ഓഫ് ഇന്ത്യയുടെ പേരിൽ വസ്തു ആധാരം ചെയ്യുവാനായിട്ടാണ് ആഗ്രഹിക്കുന്നത്. അതിനായി ഫെഡറൽ ബാങ്ക് മന്ദമരുതി ബ്രാഞ്ചിൽ ജോർജ്ജ് സി. ജേക്കബ്, കെ.ആർ കുഞ്ഞൂഞ്ഞ് എന്നിവരുടെ പേരിൽ A/c 12450100090607 നമ്പറായി ജോയിന്റ് അക്കൗണ്ട് എടുത്തിട്ടുണ്ട്. പ്രസ്തുത ആവശ്യത്തിലേക്ക് ദൈവമക്കളുടെ ആത്മാർത്ഥമായ സാമ്പത്തീക കൂട്ടായ്മ ബാങ്ക് A/c മാറത്തക്കവണ്ണം നൽകി സഹായിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു. വിലാസം സുവി. കെ.ആർ. കുഞ്ഞൂഞ്ഞ്. പുത്തേടത്ത് വീട്, മുക്കട പി.ഒ. (Via) കറിക്കാട്ടൂർ, കോട്ടയം – 686 544. എന്ന് കെ.ആർ. കുഞ്ഞൂഞ്ഞ്, രാജു നെടുംപുരതടത്തിൽ, ഷാജി പി.എം. മുകളിൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ ശരിയായിട്ടുള്ളതാണ്. വിശ്വാസികൾ സാമ്പത്തീക ശേഷി കുറഞ്ഞവരാണ്. കൂട്ടുവിശ്വാസികളുടെ പ്രാർത്ഥനയും സാമ്പത്തീക സഹായവും അർഹിക്കുന്നു. K.V. George (S.A.I. Member, Kerala Division).

## സുവിശേഷ വയലിലേയ്ക്ക്

**പൂതക്കുഴി :** ഈ സ്ഥലം സഭാംഗമായ സഹോ. റ്റി. സി. ബിജുമോൻ കഴിഞ്ഞ ചില വർഷങ്ങളായി കർത്താവിന്റെ വേലയ്ക്കായി വേർതിരിയുകയും വചനപഠനം പൂർത്തീകരിച്ച ശേഷം സ്ഥലം സഭയിലും അയൽ സഭകളോടും ചേർന്ന് പ്രവർത്തിച്ചു വരികയായിരുന്നു. എന്നാൽ താൻ ഇപ്പോൾ കുടുംബമായി മോനിപ്പള്ളിയിൽ താമസിക്കുകയും വാക്കാടുള്ള ദൈവജനത്തോടുകൂടെ കർത്താവിനെ ആരാധിച്ചുവരുന്നതോടൊപ്പം ഇലഞ്ഞിയിൽ കഴിഞ്ഞ രണ്ടര വർഷമായി വാക്കാട് സഭയുടെയും അയൽസഭകളിലെ സുവിശേഷകന്മാരുടെയും സഹകരണത്തിൽ പ്രവർത്തിച്ചുവരുന്നു. കർത്തൃവേലയ്ക്കായുള്ള തന്റെ വിളി സഭയ്ക്ക് ബോധ്യമുള്ളതിനാൽ തന്നെ പൂർണ്ണസമയ സുവിശേഷകനായി ദൈവജനത്തിനു പരിചയപ്പെടുത്തുന്നു. സഹോദരനെയും കുടുംബത്തേയും പ്രവർത്തനങ്ങളേയും പ്രാർത്ഥനയിൽ ഓർത്താലും. വിലാസം റ്റി. സി. ബിജുമോൻ (ബെന്നി), പുൽപ്രയിൽ വീട്, മോനിപ്പള്ളി പി.ഒ., ചീങ്കല്ലേൽ, കോട്ടയം – 686636. എന്ന് സഭയ്ക്കുവേണ്ടി തോമസ് ജോൺ, പി.എം. പൗലോസ്.

RN.No. 36067/ 81
Postal Reg. No. KL/TLA/44/2009-11 dt.14-11-08
ആത്മപ്രകാശിനി

If undelivered Please return to:
Athma Prakashini
P.B.No.10
Kumbanad
Thiruvalla 689 547

Printed and Published by
C.A.George
at Excel Offset Printers, Omallor

**മാങ്ങോട് :** ഈ സഭയിലെ സഹോ. ഷിജോ ജോർജ്ജ്, ബി.കോം. കഴിഞ്ഞ് പത്തനംതിട്ട ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ 3 വർഷം പഠനം പൂർത്തിയാക്കിയതിനു ശേഷം ജോലിയോടുള്ള ബന്ധത്തിൽ ഒന്നര വർഷം ചെന്നൈയിൽ ചെലവഴിച്ചു. എന്നാൽ ദൈവം തന്റെ വേലയ്ക്കായി തന്നെ വിളിച്ചു എന്ന് ബോധ്യം വരികയും ആ വിവരം സഭയെ അറിയിക്കുകയും ചെയ്തു. ഞങ്ങൾ തന്നെ ദൈവകരങ്ങളിൽ ഭരമേല്പിച്ചു പ്രാർത്ഥിച്ചു. മാങ്ങോട് സഭയോട് ചേർന്ന് കാസർഗോഡ് ജില്ലയിലുള്ള കർതൃദാസന്മാരോടൊത്ത് സുവിശേഷ വേലയിൽ വ്യാപൃതനായിരിക്കുന്നു. ദൈവജനത്തിന്റെ പ്രാർത്ഥനയ്ക്കും സഹകരണത്തിനും ഈ കാര്യം അറിയിച്ചുകൊള്ളുന്നു. സുവി. കെ.വി. തോമസ് പുന്നക്കുന്ന്, കെ.എ. ഡൊമിനിക്ക് ഒറീസ്സാ, എം.കെ. ബാബു തൃക്കരിപ്പൂർ എന്നിവർ മാങ്ങോട് സഭയിൽ നിന്നും വേലയ്ക്ക് വേർതിരിഞ്ഞവരാണ്. ഇവരേയും പ്രാർത്ഥനയിൽ ഓർക്കണമേ. വിലാസം ഷിജോ ജോർജ്ജ്, കുറ്റിയിൽ വീട്, ബീമനടി പി.ഒ., നീലേശ്വരം വഴി കാസർഗോഡ്–671314. എന്ന് കെ.വി. ബേബി, കെ.എം. ആൻഡ്രൂസ്, പി.ഡി. വർഗീസ്.

## ആത്മപ്രകാശിനി വരിക്കാരുടെ ശ്രദ്ധയ്ക്ക്

വരിസംഖ്യ കുടിശ്ശികയുള്ളവർ അയച്ചുതന്ന് സഹകരിക്കണമെന്നുള്ള അറിയിപ്പ് പരിഗണിച്ച് കുടിശ്ശിഖ തീർത്ത് അയച്ചുതന്ന മാന്യ വരിക്കാരോടുള്ള നന്ദി അറിയിച്ചു കൊള്ളുന്നു. ഇനിയും കുടിശ്ശിഖയുള്ളവർ ദയവായി എത്രയുംവേഗം അയച്ചുതന്ന് സഹകരിക്കുകയും ഈ ആത്മീയ പ്രവർത്തനത്തെ പ്രാർത്ഥനയിൽ ഓർക്കുകയും ചെയ്യണമെന്ന് താല്പര്യപ്പെടുന്നു. മാനേജർ

**യഹോവയുടെ കണ്ണ് എല്ലാടവും ഉണ്ട്. ആകാത്തവരെയും നല്ലവരെയും നോക്കിക്കൊണ്ടിരിക്കുന്നു. (ബൈബിൾ)**